# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

MAY 2025 | Vol - 5 ● Issue - 5 ● 16 Page Tabloid | www.syromalabarvision.com




## മനുഷ്യരുടെ ഭാഷയിൽ സംസാരിച്ച ദൈവദൂതൻ

**ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ**

എല്ലാവരും തങ്ങളുടെ സ്വന്തമായി കണ്ട, എല്ലാവരെയും സ്വന്തമായി പരിഗണിച്ച പാപ്പാ. ഇരുപത്തൊന്നാംനൂറ്റാണ്ടിന്റെ സൂര്യപ്രഭ എന്ന് ലോകനേതാക്കൾ പ്രശംസിച്ച മഹനീയ വ്യക്തിത്വമാണ് കഴിഞ്ഞ 12 വർഷക്കാലം ആഗോള കത്തോലിക്കാസഭയുടെ സാരഥ്യം വഹിച്ച ഫ്രാൻസിസ് മാർപാപ്പ. പാപ്പായുടെ വേർപാടിനുശേഷം അദ്ദേഹത്തിന്റെ ശ്രേഷ്ഠതയെപ്പറ്റി നാമെല്ലാം ഒരുപാട് വായിച്ചു, കേട്ടു. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലുള്ളവർ ആ മഹദ്ജീവിതത്തിന്റെ മായാത്ത ഓർമകൾ പങ്കുവച്ചു കൊണ്ടിരിക്കുന്നു. എല്ലാവരും പറയുന്നു, ഇതു ഞങ്ങളുടെ പാപ്പാ ആണെന്ന്. അതിനു ജാതിയോ, മതമോ, പ്രത്യയശാസ്ത്രങ്ങളോ തടസമായില്ല. ആശ്ചര്യകരമായ ഒരു കാര്യം തന്നെ!

മതിൽക്കെട്ടുകളുടെ ഉയരം കൂടിവരുന്ന സംഘർഷഭരിതമായ ആധുനികലോകത്ത് ഒരു അദ്ഭുത പ്രതിഭാസം എന്നോണം ഇങ്ങനെ ഒരു വ്യക്തിത്വം ഉയർന്നുവരാൻ കാരണമെന്ത്? ഹോർഹെ മാരിയോ ബെർഗോളിയോ എന്ന വ്യക്തിയുടെ ജനനപശ്ചാത്തലവും അദ്ദേഹം വളർന്ന നാടും ജീവിതസാഹചര്യങ്ങളും പിന്നീട് അദ്ദേഹം അംഗമായ ഈശോസഭാ സന്യാസസമൂഹവുമെല്ലാം അതിനു കാരണമായിട്ടുണ്ട്.

### ലാറ്റിനമേരിക്കയിൽനിന്ന്

അമേരിക്കൻ ഭൂഖണ്ഡത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ആദ്യത്തെ മാർപാപ്പയാണ് ഫ്രാൻസിസ്പാപ്പാ. ആയിരത്തിലധികം വർഷത്തെ ഇടവേളക്കുശേഷം യൂറോപ്പിനു പുറത്തുനിന്നുള്ള ആദ്യത്തെ പാപ്പാ. അർജന്റീനയിലെ ബുഎണൊസ് അയ്റസിൽ 1936 ഡിസംബർ പതിനേഴിനാണ് അദ്ദേഹം ജനിച്ചത്. അർജന്റീനയെക്കുറിച്ച് നാമറിയുന്നത് ഫുട്ബോൾ രാജാക്കന്മാരുടെ നാടായാണ്. അത് ശരിയുമാണ്. ഫുട്ബോൾ കമ്പക്കാരനായ ഹോർഹെ ജനിച്ചുവീണ നാടും കാലവും വളരെ പ്രതിസന്ധികളുടെതും പരിമിതി

ശേഷം പേജ് 4-ൽ

## എഡിറ്റോറിയൽ

# സീറോമലബാർസഭയെ ഹൃദയത്തിൽസൂക്ഷിച്ച വലിയ ഇടയൻ

ഫ്രാൻസിസ് മാർപാപ്പ കാലംചെയ്തു! പത്രോസിന്റെ സിംഹാസനത്തിൽ ദൈവജനത്തിന്റെ കാവൽക്കാരനായി തന്റെ സഹോദരങ്ങളെ വിശ്വാസത്തിൽ ബലപ്പെടുത്തിയ ഭൂമിയിലെ ക്രിസ്തുവിന്റെ വികാരി ചരിത്രത്തിന്റെ ഭാഗമായി. നിലപാടുകൊണ്ടും സമീപനരീതികൾകൊണ്ടും വ്യത്യസ്തനായിരുന്നു കർദിനാൾ ബെർഗോളിയോയിൽനിന്നു രൂപഭേദമെടുത്ത ഫ്രാൻസിസ് മാർപാപ്പ. ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ചതിലൂടെ തന്റെ അജപാലന ശൈലി വ്യത്യസ്തമായിരിക്കുമെന്നു അദ്ദേഹം ആദ്യമേതന്നെ സൂചനനല്കിയിരുന്നു.

'ഞാൻ നിങ്ങളെ ആശീർവദിക്കുന്നതിനുമുമ്പ് നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കണം' എന്നുപറഞ്ഞ് വത്തിക്കാൻ ബസിലിക്കയുടെ മട്ടുപ്പാവിൽ ശിരസുകുനിച്ചുനിന്ന പുതിയ മാർപാപ്പയിൽ ദൈവജനം എളിമയുടെയും സ്നേഹത്തിന്റെയും പരസ്പരബന്ധത്തിന്റെയും ദൈവശാസ്ത്രം വായിച്ചെടുത്തു. നാളിതുവരെ മാർപാപ്പമാർ സ്വീകരിച്ചുവന്ന ചട്ടവട്ടങ്ങളുടെ കൃത്യതയിൽനിന്നു സഹോദരസ്നേഹം ഹൃദയത്തിൽ തിങ്ങിനിറഞ്ഞ ഒരു മനുഷ്യസ്നേഹിയുടെ പ്രവർത്തന ശൈലിയിലേക്കു പത്രോസിന്റെ പുതിയ പിൻഗാമി മാറുന്ന കാഴ്ചയാണു പിന്നീടു കണ്ടത്.

യുദ്ധങ്ങളുടെ ദുരിതമുഖത്തും അഭയാർത്ഥികളുടെ ദൈന്യതയിലും വത്തിക്കാൻ രാഷ്ട്രത്തലവന്മാർ പാലിക്കേണ്ട നയതന്ത്രക്രമമൊന്നും ഫ്രാൻസിസ് മാർപാപ്പ മുറുകെപിടിക്കേണ്ട കാര്യമായി പരിഗണിച്ചില്ല. വേദനിക്കുന്നവരിലും ഉപേക്ഷിക്കപ്പെട്ടവരിലും ചൂഷിതരിലും സമൂഹം മാറ്റിനിറുത്തിയവരിലും ക്രിസ്തുപാദം കണ്ടെത്തി അതു കഴുകി ചുംബിക്കാൻ ഫ്രാൻസിസ് മാർപാപ്പ മുട്ടുകുത്തിയതു മുൻകൂട്ടി നിശ്ചയിച്ച തിരക്കഥപ്രകാരമായിരുന്നില്ല. ദൈവസ്നേഹവും സഹോദരസ്നേഹവും സ്വർഗീയ അനുപാതത്തിൽ കൂടിച്ചേർന്ന ഒരു മനുഷ്യന്റെ സ്വാഭാവിക പ്രതികരണങ്ങളായിരുന്നു അവയെല്ലാം. അതിൽ ആത്മാർഥതയുടെ ആഴം ലോകം ദർശിച്ചു. കത്തോലിക്കാ സഭാസംവിധാനങ്ങൾക്കപ്പുറം ലോകം മുഴുവനെയും ഹൃദയത്തിൽ ചേർത്തുപിടിക്കാനുള്ള സ്നേഹത്തിന്റെ കാന്തികശക്തി അവയിലുണ്ടായിരുന്നു. അങ്ങനെയാണു ഫ്രാൻസിസ് മാർപാപ്പ എല്ലാവരുടെയും പ്രിയപ്പെട്ടവനായത്. സഭാസംവിധാനങ്ങളിൽ കാലോചിതമായ മാറ്റം വരുത്താനും തിരുത്തേണ്ടവയെ തിരുത്താനും നവീകരിക്കേണ്ടവയെ പുതുചൈതന്യത്താൽ നിറയ്ക്കാനും ഫ്രാൻസിസ് മാർപാപ്പ ഏറെ ശ്രദ്ധപതിപ്പിച്ചു.

സീറോമലബാർസഭയെ അതിന്റെ തനതായ പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കാനും സഭയുടെ അപ്പസ്തോലികപാരമ്പര്യത്തെ ശക്തിപ്പെടുത്താനും ലോകമെമ്പാടും സജീവമായ ക്രൈസ്തവസാക്ഷ്യംനല്കി വിശ്വാസജീവിതംനയിക്കുന്ന സീറോമലബാർ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കാനും ലഭിച്ച എല്ലാ അവസരങ്ങളും മാർപാപ്പ ഉപയോഗിച്ചു. എ.ഡി 52-ൽ ഭാരതത്തിലെത്തി സുവിശേഷം പ്രസംഗിച്ച തോമാശ്ലീഹായുടെ പൈതൃകമുള്ള ഈ സഭയ്ക്കു ഭാരതംമുഴുവനിലും അജപാലനാധികാരംനല്കാനും ഗൾഫുരാജ്യങ്ങളിൽ കുടിയേറിപ്പാർത്തിരിക്കുന്ന ലക്ഷക്കണക്കിനു സീറോമലബാർ വിശ്വാസികൾക്കുവേണ്ടി അവരുടെ പൈതൃകപ്രകാരമുള്ള സഭാശുശ്രൂഷകൾ നിർവഹിക്കാനുള്ള സംവിധാനം രൂപപ്പെടുത്താനുള്ള നിർദേശംനല്കാനും ഫ്രാൻസിസ് മാർപാപ്പയെ പ്രചോദിപ്പിച്ചത് ഈ സഭയോടുള്ള പിതൃസഹജമായ കരുതലും ഈ സഭയുടെ ആവശ്യം ന്യായമാണെന്ന ബോധ്യവുമായിരുന്നു. 2024 മെയ് 13-ാം തീയതി വത്തിക്കാൻ പാലസിലെ കൺസിസറ്ററി ഹാളിൽ സഭയുടെ പുതിയ മേജർആർച്ചുബിഷപ്പായി സ്ഥാനമേറ്റ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെയും പെർമനന്റ് സിനഡ് അംഗങ്ങളെയും അഭിസംബോധനചെയ്തു നടത്തിയ പ്രസംഗം സീറോമലബാർസഭയ്ക്കുള്ള പത്രോസിന്റെ പിൻഗാമിയുടെ അംഗീകാരപത്രമായിരുന്നു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സഭയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ രൂപപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ അസാധാരണമായരീതിയിൽ ഫ്രാൻസിസ് മാർപാപ്പ പലതവണ ഇടപെട്ടതും ഈ സഭയോടുള്ള പ്രത്യേക കരുതലിന്റെ അടയാളപ്പെടുത്തലുകളായാണ് ചരിത്രം രേഖപ്പെടുത്താൻ പോകുന്നത്.

ഫ്രാൻസിസ് മാർപാപ്പ കടന്നുപോയി. പരിശുദ്ധപിതാവു വെട്ടിത്തെളിച്ച പുതിയവഴികൾ ആരാധനാബിംബങ്ങളാകാതെ സഭാജീവിതനവീകരണത്തിനുള്ള കുറുക്കുവഴികളാകട്ടെ! നമ്മുടെ സഭയെ പ്രത്യേകമായ വിധത്തിൽ സ്നേഹിച്ച ഈ ധന്യപിതാവിനോടുള്ള പ്രതിസ്നേഹം അനുസരണത്തിലൂടെയും സഭാകൂട്ടായ്മ ശക്തിപ്പെടുത്തുന്നതിലൂടെയും നമുക്കു പ്രകടമാക്കാം.

യുഗപ്രഭാവനായ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ഓർമക്കുമുമ്പിൽ സ്നേഹാഞ്ജലികൾ! ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI
**ഡിസൈൻ & പ്രിന്റ്:** ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

**മെയ് 1:** മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ ചരമം (2020)
മാർ ജേക്കബ് തൂങ്കുഴി (1973), മാർ ജോർജ് വലിയമറ്റം (1988), മാർ ആൻഡ്രൂസ് താഴത്ത് (2004) എന്നീ മെത്രാന്മാരുടെ അഭിഷേകം.
തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്
**മെയ് 2:** മാർ ജോസഫ് കല്ലറങ്ങാട് മെത്രാന്റെ അഭിഷേകം (2004)
വിശുദ്ധ അത്തനേഷ്യസ്
**മെയ് 3:** വിശുദ്ധ പീലിപ്പോസ്, വിശുദ്ധ യാക്കോബ് ശ്ലീഹന്മാർ
**മെയ് 4:** അഡോൾഫ് എഡ് വിൻ മെഡ്‌ലിക്കോട്ട് മെത്രാന്റെ ചരമം (1918)
**മെയ് 6:** വിശുദ്ധ ഡൊമിനിക് സാവിയോ
**മെയ് 11:** ലോക ദൈവവിളി പ്രാർഥനാദിനം
**മെയ് 14:** വിശുദ്ധ മത്തിയാസ് ശ്ലീഹാ
**മെയ് 15:** മാർ ജോസ് പൊരുന്നേടം മെത്രാന്റെ അഭിഷേകം (2004)
വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ
**മെയ് 18:** മാർ അദ്ദായി
**മെയ് 20:** സീറോമലബാർ സഭയുടെ പ്രഥമ സിനഡിന്റെ ഉദ്ഘാടനം (1993)
പ്രഥമ മേജർആർച്ചുബിഷപ്പ് മാർ ആന്റണി പടിയറ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (1993)
മാർ ജോസഫ് പെരുന്തോട്ടം മെത്രാന്റെ അഭിഷേകം (2002)
**മെയ് 26:** ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര മെത്രാന്റെ അഭിഷേകം (2012)
**മെയ് 29:** നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം
മേജർആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ സ്ഥാനാരോഹണം (2011)
**മെയ് 31:** മാർ ജോൺ പനംതോട്ടത്തിൽ മെത്രാന്റെ അഭിഷേകം (2023)
പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

മെയ് 24



മാർ ജോയി ആലപ്പാട്ട്

വഴികാട്ടികൾ

# മാർ അദ്ദായി

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



പൗരസ്ത്യസുറിയാനി സഭകളിൽ ഉപയോഗിക്കപ്പെടുന്ന ശ്ലീഹന്മാരുടെ അനാഫൊറ മാർ അദ്ദായിയുടെയും മാർ മാറിയുടെയും പേരിലാണ് അറിയപ്പെടുന്നത്. മാർത്തോമ്മാശ്ലീഹായുടെ ശിഷ്യനായ മാർ അദ്ദായി ഈശോയുടെ എഴുപതുശിഷ്യന്മാരിൽ ഒരാളായിരുന്നു എന്ന് കേസറിയായിലെ വി. എവുസേബിയൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട് (തിരുസഭാചരിത്രം I, 13,4). അദ്ദേഹം കർത്താവിന്റെ എഴുപത്തിരണ്ടു ശിഷ്യരിൽ ഒരാളായിരുന്നെന്ന് മാർ അദ്ദായിയുടെ ദർശനം (Doctrine of Addai) എന്നഗ്രന്ഥവും പറയുന്നു. അദ്ദായി എന്ന പേരിനുപകരം തദേവൂസ് എന്ന പേരാണ് എവുസേബിയൂസ് തന്റെ തിരുസഭാചരിത്രത്തിൽ ഉപയോഗിക്കുന്നത്.

എദ്ദേസാ രാജാവായിരുന്ന അബ്ഗാർ ഈശോയുടെ അത്ഭുതശക്തികളെക്കുറിച്ചറിഞ്ഞ് തന്നെ സുഖപ്പെടുത്താൻ എത്തണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈശോയ്ക്ക് കത്തയച്ചുവെന്നും തനിക്ക് പിതാവ് ഏല്പിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുണ്ടെന്നും അതിനാൽ താൻ പിതാവിന്റെ പക്കലേക്ക് മടങ്ങിപ്പോയശേഷം തന്റെ ശിഷ്യന്മാരിലൊരാളെ അയ്ക്കാമെന്നും ഈശോ മറുപടി നല്കിയെന്നും ഈശോയുടെ വാഗ്ദാനപൂർത്തിക്കായി അബ്ഗാറിന്റെ പക്കലേയ്ക്കയ്ക്കപ്പെട്ടവനാണ് തദേവൂസ് എന്ന അദ്ദായി എന്നും വ്യക്തമാക്കുന്ന എവുസേബിയൂസ് അബ്ഗാറിനെയും ഈശോയെയും കുറിച്ചുള്ള ചരിത്രരേഖകൾ എദേസായിലെ ആർക്കീവ്സിൽ നിന്നും താൻ നേരിട്ടുവായിച്ചു എന്ന് ഉറപ്പുനല്കുന്നു. (തിരുസഭാചരിത്രം I, 13.5). ഈശോയുടെ സ്വർഗാരോഹണത്തെത്തുടർന്ന് അധികം വൈകാതെ മാർ ത്തോമാശ്ലീഹായാണ് മാർ അദ്ദായിയെ സുവിശേഷപ്രഘോഷണത്തിനായി എദേസായിലേക്ക് അയച്ചത്.

എദ്ദേസായിൽ അദ്ദായി പ്രവർത്തിച്ച അത്ഭുതപ്രവൃത്തികളെക്കുറിച്ച് കേട്ടറിഞ്ഞ അബ്ഗാർ രാജാവ് അദ്ദേഹത്തെ രാജസഭയിലേക്ക് ക്ഷണിച്ചു. അദ്ദായി രാജസഭയിൽ പ്രവേശിച്ചപ്പോൾ മാർത്തോമ്മാശ്ലീഹാ അദ്ദേഹത്തോടൊപ്പം നിൽക്കുന്നതായി ദർശനം ലഭിച്ച രാജാവ് (തിരുസഭാചരിത്രം I. 13,13) അദ്ദേഹത്തിന് മുന്നിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

റോമാക്കാരുടെ ആധിപത്യം നിമിത്തം അസാധ്യമായിരുന്നില്ലെങ്കിൽ സൈന്യത്തെ അയച്ച് യഹൂദരുടെ കൈയിൽനിന്ന് ഈശോയെ രക്ഷിക്കാൻ ശ്രമിക്കാൻ മാത്രം താൻ അവിടുന്നിൽ വിശ്വസിച്ചിരുന്നു എന്ന് അബ്ഗാർ പറഞ്ഞപ്പോൾ ഈശോ തന്റെ പിതാവിന്റെ ഹിതം നിറവേറ്റുകയായിരുന്നു എന്ന ബോധ്യം രാജാവിനു നല്കിയത് മാർ അദ്ദായിയാണ്. തന്റെ ശിരസിൽ കരങ്ങൾ വച്ച് രോഗസൗഖ്യം നല്കിയ അദ്ദായിയോട് ഈശോയെക്കുറിച്ച് തന്നോടു പ്രസംഗിക്കാൻ രാജാവ് ആവശ്യപ്പെട്ടപ്പോൾ രാജ്യത്തെ പൗരന്മാർക്കുമുമ്പിൽ പരസ്യമായി കർത്താവിനെ പ്രസംഗിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് അദ്ദായി പ്രഖ്യാപിച്ചു. (തിരുസഭാചരിത്രം I, 13,16,18,19) എദ്ദേസാക്രൈസ്തവ വിശ്വാസത്തിലേക്ക് കടന്നുവന്നത് മാർ അദ്ദായിലൂടെയാണ്. അദ്ദേഹത്തിന്റെ പ്രഘോഷണം ശ്രവിച്ച ജനം വിജാതീയഅൾത്താരകൾ തകർത്ത് മാമ്മോദീസാ സ്വീകരിച്ചു എന്ന് അദ്ദായിയുടെ ദർശനവും സാക്ഷ്യപ്പെടുത്തുന്നു. അദ്ദായിക്ക് സ്വർണ്ണവും വെള്ളിയും സമ്മാനിക്കാൻ രാജാവ് ആഗ്രഹിച്ചുവെങ്കിലും അദ്ദേഹം അത് നിരസിച്ചുകൊണ്ട് പറഞ്ഞു: "എനിക്കുള്ളതുപോലും നിരസിച്ച ഞാൻ എങ്ങനെ മറ്റൊരാളുടേത് സ്വന്തമാക്കും" (തിരുസഭാചരിത്രം I, 13,20).

എദ്ദേസിയൻ കലണ്ടറിൽ 340-ാം വർഷ (എഡി 30) മാണ് ഈ സംഭവങ്ങളെല്ലാം ഉണ്ടായത് എന്ന എവുസേബിയൂസിന്റെ സാക്ഷ്യം ഈശോയുടെ മരണം എഡി 30-ൽ ആയിരുന്നു എന്ന തെർത്തുല്യന്റെയും ലക്ത്താൻസിയൂസിന്റെയും അഗസ്റ്റിയന്റെയും സാക്ഷ്യങ്ങളോട് ചേർന്നുനില്ക്കുന്നുണ്ട്. അദ്ദായിയുടെ മൃതശരീരം രാജാവിന്റെ പൂർവികരോടൊപ്പമാണ് സംസ്കരിക്കപ്പെട്ടത് എന്ന് സാക്ഷ്യപ്പെടുത്തുന്ന അദായിയുടെ ദർശനം പക്ഷേ അദായിയുടെ പിൻഗാമിയായ അഗ്ഗായിയുടെ പിൻഗാമി പാലൂത്ത് അന്ത്യോക്യായിലെ സെറാഫിയനിൽ (190 203) നിന്ന് മെത്രാഭിഷേകം സ്വീകരിച്ചു എന്ന് പറയുന്നിടത്ത് ചരിത്രപരമായ പിശകുണ്ട്. ■

# സീറോമലബാർസഭയെ ഏറെ സ്നേഹിച്ച ഫ്രാൻസിസ് പാപ്പ

**മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



പന്ത്രണ്ടുവർഷക്കാലം സഭയ്ക്ക് നേതൃത്വം നല്കിയ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ഇക്കാലത്തിനിടയിൽ സീറോമലബാർസഭയ്ക്ക് നല്കിയ കരുതലും കരുത്തും വാക്കുകൾകൊണ്ട് വിവരിക്കാൻ കഴിയുന്നതല്ല.

2024 മെയ് 13 ാം തീയതി മേജർആർച്ചുബിഷപ്പായതിന് ശേഷം ഞാൻ ആദ്യമായി അ

## വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

ദ്ദേഹത്തെ സന്ദർശിച്ചപ്പോൾ, സീറോമലബാർ സഭയ്ക്ക് ഗൾഫ് മേഖലകളിൽ അജപാലന അവകാശം ഇല്ലെന്ന് എനിക്കറിയാമെന്നും എന്നാൽ അതിനുള്ള അർഹത നിങ്ങൾക്കുള്ളതിനാൽ ആ അവകാശം ഞാൻ തരുന്നുവെന്നും മാർപാപ്പ വളരെ വ്യക്തമായി എന്നെ അറിയിക്കുകയുണ്ടായി. അതിന്റെ നൈയാമികമായ വശങ്ങൾ ഡിക്കാസ്റ്ററികൾ മുഖേന അറിയിക്കുന്നതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. പരിശുദ്ധപിതാവിന്റെ നിർദ്ദേശപ്രകാരം കർദിനാൾ പരോളിന്റെ നേതൃത്വത്തിൽ സീറോമലബാർസഭയുടെ പ്രതിനിധികളും ബന്ധപ്പെട്ട കോൺഗ്രിഗേഷനുകളിലെ പ്രതിനിധികളും തമ്മിൽ ചർച്ചനടത്തി ഇക്കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. അതിനി പ്രായോഗികമാക്കാനെടുക്കുന്ന സമയം മാത്രമേ നമ്മുടെ മുമ്പിൽ അവശേഷിക്കുന്നുള്ളൂ.

പരിശുദ്ധപിതാവ് ഭാരതത്തിലെ മെത്രാന്മാർക്ക് 2017 ഒക്ടോബർ 9-ന് എഴുതിയ കത്ത് ഐതിഹാസികമായ ഒന്നാണ്. ഇന്ത്യയുടെ പ്രത്യേകസാഹചര്യത്തിൽ സീറോമലബാർ സഭയ്ക്ക് All India Jurisdiction നല്കുകയും ഷംഷബാദ് രൂപത സ്ഥാപിക്കുകയും ചെയ്ത കത്താണ് അത്. ഇന്ത്യയുടെ പശ്ചാത്തലത്തിൽ മൂന്നു വ്യക്തിസഭകൾ പരസ്പരം കൈകോർത്ത് ധാരണയോടും സൗഹൃദത്തോടും കൂടി ഇന്ത്യയുടെ സുവിശേഷവൽക്കരണത്തിനുവേണ്ടി എങ്ങനെ പ്രവർത്തിക്കണമെന്നാണ് ഈ കത്തിൽ പാപ്പ പറയുന്നത്. സഭയുടെ കൂട്ടായ്മ എത്ര മനോഹരമാണെന്നും സഭയുടെ സഭാത്മകത ഇന്ത്യയുടെ പശ്ചാത്തലത്തിൽ പ്രകടിപ്പിക്കേണ്ടത് എത്രപ്രാധാന്യമുള്ള കാര്യമാണെന്നും നമ്മെ പഠിപ്പിക്കുന്ന രേഖകൂടിയാണ് ഇത്.

നമ്മുടെ സഭയിലെ പല പ്രതിസന്ധിഘട്ടങ്ങളിലും പ്രത്യേകിച്ച് ആരാധനക്രമവുമായി ബന്ധപ്പെട്ട പല അവസരങ്ങളിലും കത്തുകളിലൂടെയും അവസാനം വീഡിയോ സന്ദേശത്തിലൂടെയും പാപ്പ നമ്മുടെ സഭയോട് സംസാരിച്ചതും ഞാനിവിടെ ഓർക്കുന്നു. പാപ്പയുടെ പ്രവർത്തനശൈലിയുടെ പ്രത്യേകത പാപ്പ നമ്മെ വ്യക്തിപരമായി അറിഞ്ഞുകൊണ്ട് സ്നേഹത്തോടുകൂടി നമ്മെ നയിച്ചുവെന്നതാണ്. എല്ലാ പ്രതിസന്ധികളിലും നമ്മെ കൈവിടാതെ അവിടുന്ന് ചേർത്തുപിടിച്ചുനടന്നു.

ഫ്രാൻസിസ് പാപ്പയുടെ കാലത്താണ് റോമിലെ ഏറെ പുരാതനവും പ്രസിദ്ധവും റോമിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതുമായ സാന്താ അനസ്താസീയ ബസിലിക്ക സീറോമലബാർസഭയുടെ ഉപയോഗത്തിനായി വിട്ടുതന്നത്. സീറോമലബാർസഭയോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ പ്രകടനം തന്നെയായിരുന്നു ഇത്. എല്ലാ ദിവസവും ഈ ബസിലിക്കയിൽ ഇന്ന് സീറോമലബാർ കുർബാനകൾ അർപ്പിക്കപ്പെടുന്നുണ്ട്. നമ്മുടെ തിരുനാളുകൾ ആഘോഷിക്കാനും ആചാരാനുഷ്ഠാനങ്ങൾ പാലിക്കാനും റോമിൽ പലയിടത്തായി ചിതറിക്കിടക്കുന്ന സീറോമലബാർസഭാവിശ്വാസികൾക്ക് ഈ ബസിലിക്ക ഇന്ന് വലിയ ഒരു അനുഗ്രഹമായി മാറിയിരിക്കുകയാണ്. ഇത്തരമൊരു അനുഗ്രഹം നമുക്ക് നല്കിയ ഫ്രാൻസീസ് മാർപാപ്പയോട് എത്ര നന്ദിപറഞ്ഞാലും നമുക്കു മതിയാവുകയില്ല.



> **പാപ്പയുടെ പ്രവർത്തനശൈലിയുടെ പ്രത്യേകത പാപ്പ നമ്മെ വ്യക്തിപരമായി അറിഞ്ഞുകൊണ്ട് സ്നേഹത്തോടുകൂടി നമ്മെ നയിച്ചുവെന്നതാണ്. എല്ലാ പ്രതിസന്ധികളിലും നമ്മെ കൈവിടാതെ അവിടുന്ന് ചേർത്തുപിടിച്ചുനടന്നു.**

മോൺ. ജോർജ് കൂവക്കാട്ടിനെ കർദിനാൾ സ്ഥാനത്തേക്കുയർത്തുകയും ഇന്റർ റിലീജിയസ് ഡയലോഗിനായുള്ള ഡിക്കാസ്ട്രിയുടെ അധ്യക്ഷനായി നിയമിക്കുകയും ചെയ്തത് സീറോമലബാർസഭയോടുള്ള പാപ്പയുടെ സ്നേഹത്തിന്റെയും കരുതലിന്റെയും മറ്റൊരു അടയാളമായിരുന്നു.

പരിശുദ്ധപിതാവ് നല്കിയ സ്നേഹത്തിനും കരുതലിനും സഭയ്ക്ക് നല്കിയ കരുത്തിനും ഒരുപാട് കൃതജ്ഞതയോടെ ഞാൻ പരിശുദ്ധപിതാവിന്റെ മുമ്പിൽ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു. സ്വർഗത്തിലിരുന്നുകൊണ്ട് പാപ്പ നമ്മുടെ സഭയ്ക്കുവേണ്ടി പ്രാർഥിച്ച് നമ്മെ ശക്തിപ്പെടുത്തുമെന്ന് എനിക്കുറപ്പുണ്ട്. പരിശുദ്ധ പിതാവിന്റെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ട്... ■

---

**കൂരിയബിഷപ്പിന്റെ സന്ദേശം**

# ഫ്രാൻസിസ് അന്നും ഇന്നും

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

> **തുടക്കം മുതൽ ഒടുക്കം വരെയുള്ള അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും വേറിട്ട ശൈലിയിലായിരുന്നു. മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ഉടനെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ബാൽക്കണിയിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട് ദൈവജനത്തെ ആശീർവദിക്കുന്നതിന് മുമ്പ് അവരുടെ പ്രാർഥന ആവശ്യപ്പെട്ട് ശിരസ് നമിച്ചുനിന്ന നിമിഷംതന്നെ ജനഹൃദയങ്ങളിൽ ഇരിപ്പിടം നേടിയ പാപ്പ പിന്നീടുള്ള പന്ത്രണ്ടുവർഷങ്ങളിലും ആ സ്ഥാനം നഷ്ടപ്പെടുത്തിയില്ല.**



കത്തോലിക്കാസഭയുടെ 266-ാമത്തെ മാർപാപ്പയായി 2013 മാർച്ച് 13-ാം തീയതിയാണ് അർജന്റീനയിലെ ബ്യൂണസ് അയേഴ്സ് അതിരൂപത മെത്രാപ്പോലീത്തയായിരുന്ന കർദിനാൾ ജോർജ് ബെർഗോളിയോ തിരഞ്ഞെടുക്കപ്പെട്ടത്. ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ച് 2013 മാർച്ച് 19-ാം തീയതി വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിവസം അദ്ദേഹം സാർവത്രികസഭയുടെ പരമാധ്യക്ഷനായി ശുശ്രൂഷാ നേതൃസ്ഥാനം ഏറ്റെടുത്തു.

തുടക്കം മുതൽ ഒടുക്കം വരെയുള്ള അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും വേറിട്ട ശൈലിയിലായിരുന്നു. മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ഉടനെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ബാൽക്കണിയിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട് ദൈവജനത്തെ ആശീർവദിക്കുന്നതിന് മുമ്പ് അവരുടെ പ്രാർഥന ആവശ്യപ്പെട്ട് ശിരസ് നമിച്ചുനിന്ന നിമിഷംതന്നെ ജനഹൃദയങ്ങളിൽ ഇരിപ്പിടം നേടിയ പാപ്പ പിന്നീടുള്ള പന്ത്രണ്ടുവർഷങ്ങളിലും ആ സ്ഥാനം നഷ്ടപ്പെടുത്തിയില്ല.

വത്തിക്കാൻ കൊട്ടാരത്തിൽ നിന്ന് ജനസമ്പർക്കം കൂടുതൽ ലഭിക്കാൻ വേണ്ടി സാന്താമാർത്ത ഭവനത്തിലേക്ക് താമസം മാറ്റിയതും ഗുരുതരമായ രോഗംബാധിച്ചു 38 ദിവസം നീണ്ട ആശുപത്രിവാസത്തിനു ശേഷം തിരിച്ചെത്തിയ ഉടനെ ജനങ്ങളെ കാണാൻ വേണ്ടി വിശുദ്ധപത്രോസിന്റെ ബസിലിക്കയുടെ ഉള്ളിലും ചത്വരത്തിലും



സന്നിഹിതനായി ജനങ്ങളെ കണ്ടതും 2025-ലെ ഉയിർപ്പുതിരുനാൾ ദിവസം ലോകജനതയ്ക്ക് അവസാനആശീർവാദം നല്കിയതും അതിന്റെ പിറ്റേദിവസം നിത്യതയിലേക്ക് യാത്രയായതും ജനമനസുകളിൽ എന്നും ഓർമയിൽനില്ക്കുന്ന സംഗതികളാണ്.

പറയുന്ന വാക്കുകളിലും ചെയ്യുന്ന പ്രവൃത്തികളിലും ഏറെ പൊരുത്തമുണ്ടായിരുന്ന പരിശുദ്ധപിതാവിനെ കാണാൻ എല്ലായിടങ്ങളിലും ജനം ആവേശപൂർവ്വം ഓടിക്കൂടിയിരുന്നു. 2013 നവംബർ മാസം ആറാം തീയതി നടന്ന ഒരു സംഭവത്തിലൂടെ പാപ്പായുടെ കരുണയുടെ മുഖം ലോകം കൂടുതൽ അടുത്തറിഞ്ഞു. അന്നാണ് ഇറ്റലിയുടെ വടക്കൻപട്ടണമായ വിച്ചെൻസായിൽ നിന്ന് വിനീച്ചോറീവ എന്ന 53 കാരൻ വത്തിക്കാനിലേക്ക് പാപ്പയുടെ ജനറൽ ഓഡിയൻസിൽ സംബന്ധിക്കാനുള്ള ആഗ്രഹത്തോടെ എത്തിച്ചേർന്നത്. ന്യൂറോ ഫൈബ്രോമാറ്റോസിസ് എന്ന രോഗം മൂലം ശരീരമാസകലം കുരുക്കൾ ബാധിച്ച് വികൃതമായ ഒരുരൂപമായിരുന്നു അയാളുടേത്. റോമിലേക്ക് ബസ് കയറിയപ്പോൾ ഒരു സീറ്റിൽ പങ്കുചേർന്ന് ഇരിക്കാൻ ആഗ്രഹിച്ച അയാളോട് അവിടെ നേരത്തെയിരുന്നിരുന്ന ആൾ 'അടുത്തുവരരുത്' എന്ന് ആക്രോശിച്ചു.

അയാളോട് മറുപടി പറയാൻ ആഗ്രഹിച്ചുവെങ്കിലും തന്നെത്തന്നെ നിയന്ത്രിച്ച് അതിനു തുനിയാതെ ബസിൽ നിന്നുകൊണ്ട് തുടർന്നുള്ള യാത്രനടത്തുകയാണ് താൻ ചെയ്തതെന്ന് വിനീച്ചോ പിന്നീട് പറയുകയുണ്ടായി. സഹയാത്രികരായ ആരും വിനിച്ചോറീവയോട് ഒരക്ഷരംപോലും ഉരിയാടിയില്ല. വത്തിക്കാനിലെത്തിയ വിനിച്ചോ പാപ്പായുടെ ജനറൽ ഓഡിയൻസിന്റെ സമയത്ത് പാപ്പകടന്നു പോകുന്ന വഴിയിൽ ഇരുന്നു. വിനിച്ചോയെ കണ്ടമാത്രയിൽ പാപ്പ അയാളെ തന്റെ മുഖത്തോടു ചേർത്തുപിടിച്ച് ചുംബിച്ചു. ബസിലെ സഹയാത്രികർ അകന്നുപോകാൻ ആക്രോശിച്ചുവെങ്കിലും ഫ്രാൻസിസ് പാപ്പ തന്നെ ചേർത്തുപിടിച്ചതുവഴി വിനീച്ചോ റീവ ക്രിസ്തുവിന്റെ വികാരിയിൽ യഥാർഥക്രിസ്തുവിനെതന്നെ കണ്ടെത്തുകയായിരുന്നു.

ഒരിക്കൽ കുതിരപ്പുറത്ത് യാത്രചെയ്യുകയായിരുന്ന അസീസിയിലെ വിശുദ്ധ ഫ്രാൻസീസ് വഴിയോരത്ത് ഒരു കുഷ്ഠരോഗിയെ കണ്ടപ്പോൾ തന്റെ കുതിരപ്പുറത്തു നിന്നിറങ്ങി രോഗിയെ കെട്ടിപ്പിടിച്ചു ചുംബിച്ചു. കൂടാതെ കുറച്ചുപണവും നല്കി. തിരിച്ചു കുതിരപ്പുറത്തു കയറിയ ഫ്രാൻസീസ് ചുറ്റും നോക്കിയപ്പോൾ ആ പരിസരത്ത് ആരും ഉണ്ടായിരുന്നില്ല. ആ കുഷ്ഠരോഗി ഈശോ തന്നെയായിരുന്നുവെന്ന് വിശുദ്ധ ഫ്രാൻസീസ് പിന്നീട് തിരിച്ചറിഞ്ഞു.

മറ്റൊരു ക്രിസ്തുവായിത്തീരുവാനുള്ള വിളിയാണ് ഓരോ ക്രൈസ്തവനുമുള്ളത്. ഇത് ഏതുവിധം പ്രാവർത്തികമാക്കാമെന്ന് ആധുനികലോകത്തിന് കാണിച്ചുതന്ന മഹാപ്രതിഭയാണ് പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പ. ഈ വലിയ ജീവിതസാക്ഷ്യത്തെയോർത്ത് ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിച്ചു നമുക്കു പ്രാർഥിക്കാം. ■

ഒന്നാം പേജ് തുടർച്ച



**പരമ്പരാഗതമായി നാം കാണുന്ന നല്ലയിടങ്ങളിൽ മാത്രമല്ല, എല്ലായിടത്തും നമ്മുടെ ദൈവം ഉണ്ടെന്നും എല്ലാവരിലും ഉണ്ടെന്നും നാം പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിലും ആളുകളിലും സാഹചര്യങ്ങളിലും ദൈവം ഒരു നിഴൽ പോലെ ചേർന്നുനിൽക്കുന്നുവെന്നും പാപ്പാ ലോകത്തിനു പറഞ്ഞുകൊടുത്തു.**

കളുടേതും ആയിരുന്നു. ആരോഗ്യപ്രശ്നങ്ങൾക്കും പ്രാരാബ്ധങ്ങൾക്കുമിടയിലും ആ കുടിയേറ്റ കുടുംബം ദൈവവിശ്വാസം മുറുകെപ്പിടിച്ചു. മാതാപിതാക്കളായ മാരിയോ ബെർഗോളിയോ, റജീന സിവോരി എന്നിവരിൽ നിന്നു ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ അദ്ദേഹം മനസിലാക്കി. രാജ്യത്തെ രാഷ്ട്രീയ - സാമ്പത്തിക രംഗങ്ങളിലെ അസ്ഥിരതയും ദുരിതങ്ങളും പാവങ്ങളെയും പുറന്തള്ളപ്പെട്ടവരെയും കൂടുതൽ അടുത്തു മനസ്സിലാക്കാൻ അദ്ദേഹത്തിന് അവസരമൊരുക്കി. കരുതലോടെ അവരോടു പെരുമാറാൻ ജീവിതാനുഭവങ്ങൾ അദ്ദേഹത്തിന് പരിശീലനം നൽകി. സഹാനുഭൂതി, സത്യസന്ധത, ലാളിത്യം, വിനയം എന്നീ ഗുണങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായി.

## സുവിശേഷത്തിന്റെ ആനന്ദം

എല്ലാവരോടും സൗമ്യമായും ഹൃദ്യമായുമുള്ള പെരുമാറ്റം ഫ്രാൻസിസ് പാപ്പായുടെ മുഖമുദ്രയായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലുള്ളതാണ് മുഖത്തു പ്രതിഫലിച്ചിരുന്നത്. അതേസമയം ആവശ്യമുള്ള സമയത്ത് അപ്രിയസത്യങ്ങൾ തുറന്നുപറയാനും ശക്തമായ നിലപാടുകളെടുക്കാനും അദ്ദേഹം മടികാണിച്ചിരുന്നില്ല. അമേരിക്ക, മെക്സിക്കൻ അതിർത്തിയിൽ മതിൽകെട്ടിയപ്പോഴും റഷ്യ, ഉക്രൈൻ യുദ്ധം ആരംഭിച്ചപ്പോഴും ഇസ്രയേൽ ഗാസയിൽ ബോംബ് വർഷിച്ചപ്പോഴും റോമിലെ തെരുവിൽ വിശപ്പടക്കാൻ ഭക്ഷണം കിട്ടാതെ മനുഷ്യർ അലയുന്നതു കണ്ടപ്പോഴും അദ്ദേഹത്തിന്റെ ധാർമികരോഷം ഒരേരീതിയിൽ വെളിവായി. സഭയിൽ വൈദിക മേധാവിത്വവും സമൂഹത്തിൽ പുരുഷ മേധാവിത്വവും തിരുത്തലുകൾക്കു വിധേയമാകേണ്ടതാണെന്ന് ഫ്രാൻസീസ് പാപ്പാ ഉദ്ബോധിപ്പിച്ചു. സമർപ്പണം സന്തോഷത്തിലേയ്ക്കു നയിക്കുമെന്ന് പഠിപ്പിച്ച അദ്ദേഹം എല്ലാ പ്രതിസന്ധികൾക്കും ഇടയിലും 'സുവിശേഷത്തിന്റെ ആനന്ദം' പ്രകടമാക്കാൻ ശ്രദ്ധിച്ചിരുന്നു.

## നയം വ്യക്തമാക്കുന്നു

2013 മാർച്ച് 13നാണ് കർദിനാൾ ഹോർഹെ ബർഗോളിയോ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി 266-ാം മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ വാക്കുകളിലൂടെയല്ല പ്രവൃത്തിയിലൂടെയാണ് പുതിയ പാപ്പാ തന്റെ നയം വ്യക്തമാക്കിയത്. അസീസിയിലെ ഫ്രാൻസിസിന്റെ പേരും ശൈലിയും സ്വീകരിച്ച അദ്ദേഹം തന്റെ നയത്തെപ്പറ്റി വ്യക്തമായ സന്ദേശം നല്കി. മാർപാപ്പമാർ പരമ്പരാഗതമായി ധരിക്കാറുണ്ടായിരുന്നു ചുവന്ന പാദുകങ്ങളും സ്വർണ കുരിശും ഒഴിവാക്കി ലളിതമായ വേഷവിതാനങ്ങൾ അദ്ദേഹം ധരിച്ചു. നഗരത്തിനും ലോകത്തിനുമുള്ള ആശിർവാദമായ ഊർബി എത് ഓർബി നൽകുന്നതിനുമുമ്പ് ജനങ്ങളുടെ പ്രാർത്ഥനയും അനുഗ്രഹവും പാപ്പാ യാചിച്ചു. സേവകന്മാരുടെ സേവകനും ശുശ്രൂഷകരുടെ ശുശ്രൂഷകനും ആണെന്നുള്ള ആദിമതത്വത്തിലേക്കുള്ള അനിവാര്യമായ തിരിച്ചുപോകലിന്റെ സൂചകങ്ങൾ ആയിരുന്നു ആ പ്രവൃത്തികൾ.

## മനുഷ്യരുടെ ഭാഷയിൽ

നഷ്ടപ്പെട്ട ആടുകളെ തേടിയുള്ള യാത്ര ഫ്രാൻസിസ് പാപ്പായെ സവിശേഷമായി അടയാളപ്പെടുത്തുന്ന കാര്യമാണ്. എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ അദ്ദേഹം സംസാരിച്ചു. അതു സ്നേഹത്തിന്റെയും സൗമ്യതയുടെയും ദൃഢതയുടെയും ഭാഷയായിരുന്നു. ദൈവനിഷേധികളായിരുന്ന ബഹുശതമാളുകൾ പാപ്പായിലൂടെ ദൈവത്തെ മുഖാമുഖം കണ്ടു. സ്ഥലമോ സാഹചര്യമോ നോക്കാതെ പാപ്പാ എല്ലാവരോടും ദൈവത്തെക്കുറിച്ചും ദൈവികമായതിനെക്കുറിച്ചും സംസാരിച്ചു. ഒരുപാട് ഹൃദയങ്ങളെ അതു സ്വാധീനിച്ചു.

ഈശോ സഭാംഗമായിരുന്ന ഫ്രാൻസിസ് പാപ്പാ ഇഗ്നേഷ്യൻ ആധ്യാത്മിക സങ്കല്പങ്ങളുടെ കാതൽ ലോകത്തിനു ജീവിച്ചു കാണിച്ചു കൊടുത്ത വ്യക്തിയാണ്. എല്ലാകാലത്തും എല്ലാ സ്ഥലങ്ങളിലും എല്ലാ സാഹചര്യങ്ങളിലും സന്നിഹിതനായി ദൈവത്തെ തേടുന്ന ഒരു നല്ല ഇടയന്റെ ആത്മീയസമീപനം ലോകത്തിനു ദൃശ്യമാക്കി കൊടുക്കുവാൻ പാപ്പായ്ക്കു സാധിച്ചു. പരമ്പരാഗതമായി നാം കാണുന്ന നല്ലയിടങ്ങളിൽ മാത്രമല്ല, എല്ലായിടത്തും നമ്മുടെ ദൈവം ഉണ്ടെന്നും എല്ലാവരിലും ഉണ്ടെന്നും നാം പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിലും ആളുകളിലും സാഹചര്യങ്ങളിലും ദൈവം ഒരു നിഴൽപോലെ ചേർന്നുനിൽക്കുന്നുവെന്നും പാപ്പാ ലോകത്തിനു പറഞ്ഞുകൊടുത്തു. അടുത്ത വീട്ടിലെ വിശുദ്ധൻ എന്നുള്ള സങ്കല്പം വികസിപ്പിച്ച്, നമ്മുടെ ജീവിതസാഹചര്യങ്ങളിലും തൊട്ട് അയൽവക്കത്തും നമ്മുടെ വീട്ടിൽ തന്നെയുമുള്ള വിശുദ്ധ ജന്മങ്ങളെ കണ്ടെത്താനും അവരെ ആദരിക്കാനുമുള്ള മനോഭാവത്തിലേക്കു ക്രൈസ്തവ വിശ്വാസികളെയും ലോകത്തുള്ള എല്ലാവരെയും ക്ഷണിച്ച വ്യക്തിത്വമാണു ഫ്രാൻസിസ് പാപ്പ. അയൽപക്കത്തെ വിശുദ്ധ ജീവിതങ്ങളെ കണ്ടെത്താനുള്ള ആഹ്വാനംവഴി, വിശുദ്ധി എല്ലാവർക്കും എല്ലായിടത്തും സാധ്യമാണെന്ന ഓർമ്മപ്പെടുത്തലാണു പാപ്പാ നൽകിയത്.

## മാധ്യമങ്ങൾക്ക് പ്രിയങ്കരൻ

സമൂഹ മാധ്യമ വിസ്ഫോടനം അതിന്റെ ഉച്ചസ്ഥായിയിൽ ആയിരിക്കുമ്പോഴാണു ഫ്രാൻസിസ് പാപ്പായുടെ പേപ്പസി ആരംഭിക്കുന്നത്. ഈ സാഹചര്യം കണക്കിലെടുത്തു തന്നെ വളരെ തന്മയത്വത്തോടെ മാധ്യമങ്ങളെ ഉപയോഗിക്കാൻ അദ്ദേഹത്തിനു സാധിച്ചു എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാധ്യമങ്ങൾക്കു പ്രിയപ്പെട്ട പാപ്പായായിരുന്നു. അതിനുശേഷമുള്ള സമൂഹമാധ്യമ വ്യാപന കാലഘട്ടത്തിലെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തി ഫ്രാൻസിസ് മാർപാപ്പ സുവിശേഷവത്കരണം പുതിയ തലങ്ങളിലേക്കും ദിശകളിലേക്കും വ്യാപിപ്പിച്ചു. മാധ്യമങ്ങൾക്ക് എന്നും പ്രിയങ്കരനായിരുന്നു ഫ്രാൻസിസ് പാപ്പാ. പരമ്പരാഗത തനിമകൾ ഉൾക്കൊണ്ടും പുതിയ ശൈലികൾ ആവിഷ്കരിച്ചും അദ്ദേഹം സുവിശേഷവൽക്കരണത്തിന് എല്ലാ സാധ്യതകളും ഉപയോഗിച്ചു. ഇറ്റലിയിലെ പ്രസിദ്ധമായ റായ് ടെലിവിഷനിൽ പോപ്പുലർ ഷോകളിൽ പോലും പ്രത്യക്ഷപ്പെട്ടും സാധാരണക്കാരായ അവതാരകരുമായി ഇടപെട്ടും സുവിശേഷവത്കരണ പ്രവർത്തനങ്ങളെ അസാധാരണമായ തലങ്ങളിൽ എത്തിക്കുന്നതിൽ വിജയം കണ്ടു.

ഫ്രാൻസിസ് പാപ്പാ സംസാരിച്ചതു സാധാരണക്കാരുടെ ഭാഷയിലാണ്. എല്ലാവർക്കും ഉൾക്കൊള്ളാൻ പറ്റുന്ന ഭാഷ. പാപ്പായുടെ പദപ്രയോഗങ്ങൾ വാക്കുകൾക്കു പുതിയ അർഥതലങ്ങൾ രൂപപ്പെടുത്തി. ഇറ്റാലിയൻ കുടിയേറ്റക്കാരുടെ അർജന്റീനയിലുള്ള കുടുംബത്തിൽ ജനിച്ചുവളർന്ന വ്യക്തിയായ ഫ്രാൻസിസ് പാപ്പാ ഇറ്റാലിയൻ, സ്പാനിഷ് ഭാഷകളിലെ തന്റെ പ്രാവിണ്യം അമിതമായി ഉപയോഗിക്കാതെ ശ്രദ്ധിച്ചു. എല്ലാവർക്കും മനസിലാകുന്ന സാധാരണ ഭാഷയിൽ സംസാരിക്കാനും മനുഷ്യൻ എളുപ്പം പിടികിട്ടുന്ന അർത്ഥതലങ്ങൾ ദ്യോതിപ്പിക്കുന്ന ലളിതമായ വാക്കുകൾ കണ്ടെത്തി അതിലൂടെ സംവദിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഭാഷ രാജ്യങ്ങളുടെയും ചിന്താധാരകളുടെയും അതിർവരമ്പുകൾ ഭേദിച്ചു മനുഷ്യരെ കോർത്തിണക്കുന്ന സാഹോദര്യത്തിന്റെ ഭാഷയായി മാറി. അദ്ദേഹം സംസാരിക്കുന്നതു കേൾക്കുമ്പോൾ എല്ലാവർക്കും തോന്നി ഇതെനിക്കു വേണ്ടിയാണ് അദ്ദേഹം പറയുന്നതെന്ന്.

## പരിസ്ഥിതി സംരക്ഷണ പ്രഘോഷകൻ

ലൗദാത്തോ സീ (അങ്ങേയ്ക്കു സ്തുതി) പോലുള്ള ചാക്രിക ലേഖനങ്ങളിലൂടെയും മറ്റ് അപ്പസ്തോലിക പ്രബോധനങ്ങളിലൂടെയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രഘോഷകനായി ഫ്രാൻസിസ് മാർപാപ്പ മാറി. പരിസ്ഥിതിയെയും പ്രകൃതിയെയും ഭൂമിയെയും സ്നേഹിക്കാനും ബഹുമാനിക്കാനുള്ള ചിന്തകൾ ലോകത്തിനു നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭൂമിയെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനങ്ങൾ പരിസ്ഥിതി സംരക്ഷണ വിഷയങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ഐക്യരാഷ്ട്ര സഭയും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള മറ്റു പ്രസ്ഥാനങ്ങളും അടിസ്ഥാനപ്രമാണമായി സ്വീകരിച്ചു.

## സ്ത്രീ സമത്വം

വത്തിക്കാന്റെ സുപ്രധാന ഭരണ ചുമതലകളിൽ സ്ത്രീകൾക്ക് ഉത്തരവാദിത്വം നൽകിക്കൊണ്ടുള്ള നിർണായകമായ ചുവടുവയ്പുകൾ ഫ്രാൻസിസ് പാപ്പാ നടത്തിയതു എടുത്തുപറയേണ്ടതാണ്. വത്തിക്കാനിലെ ഒരു സുപ്രധാന ഡിക്കാസ്ട്രിയുടെ പ്രീഫെക്ടായി സിസ്റ്റർ സിമോണ ബ്രാംബില്ലയെ നിയമിച്ചു. ബിഷപ്സ് സിനഡിന്റെ അണ്ടർ സെക്രട്ടറിയായി സിസ്റ്റർ നതാലി ബെക്വാർട്ടിൻ, വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ ഗവർണറായി സിസ്റ്റർ റഫേല പട്രീനി എന്നിവർ നിയമിക്കപ്പെട്ടു. സഭയിലെ സ്ത്രീശക്തീകരണത്തിന് അങ്ങനെ നിരവധി നടപടികൾ അദ്ദേഹം കൈക്കൊണ്ടു.

## വലിയവരും ചെറിയവരും

നൂറ്റിമുപ്പതോളം ലോകരാജ്യങ്ങളെ പ്രതിനിധീകരിച്ച് രാഷ്ട്ര തലവന്മാരോ ഉന്നതതല പ്രതിനിധിസംഘമോ ഫ്രാൻസിസ് പാപ്പായുടെ സംസ്കാരശുശ്രൂഷയ്ക്ക് വത്തിക്കാനിൽ എത്തി. അവരെല്ലാം ഊഴംകാത്തുനിന്ന് വത്തിക്കാൻ ചത്വരത്തിലും സെന്റ് പീറ്റേഴ്സ് ബസിലിക്കയിലുമായി ആദരമർപ്പിച്ചു. ഇതിനിടയിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉക്രൈൻ പ്രസിഡന്റ് വ്ളാടിമിർ സെലൻസ്കിയും തമ്മിൽ നടത്തിയ വ്യക്തിപരമായ കൂടിക്കാഴ്ച കൗതുകത്തോടെയാണ് ലോകം കണ്ടത്. റഷ്യ - ഉക്രൈൻ യുദ്ധ പരിഹാരത്തിനായി വളരെയേറെ പരിശ്രമിച്ച വ്യക്തിയാണ് ഫ്രാൻസിസ് പാപ്പാ.

മൃതശരീരം അടക്കം ചെയ്യുന്നതിനായി മേരി മജോറെ ബസിലിക്കയിലെത്തിച്ചപ്പോൾ അത് സംവഹിക്കാൻ നിയോഗിക്കപ്പെട്ടവരും പൂക്കൾ അർപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുമൊക്കെ ആരെന്ന് ലോകം ശ്രദ്ധിച്ചു. അവിടെയെല്ലാം ലോകദൃഷ്ടിയിൽ വലിയവരും ചെറിയവരുമായവർ ഉണ്ടായിരുന്നു. പാപ്പായുടെ ആഗ്രഹത്തോടു ചേർന്ന് മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയനുസരിച്ച്, അടക്കം ചെയ്യുന്നതിനു തൊട്ടുമുമ്പ് ബസിലിക്കയുടെ വാതിൽക്കൽ അവസാന ദർശനത്തിനായി എത്താൻ സാധിച്ചത് പ്രധാനമായും റോമിലെ അഗതികളായ മനുഷ്യർക്കാണ്.

സാർവത്രികവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമാണ് കത്തോലിക്കാസഭ. നഷ്ടപ്പെട്ട ആടുകളെയും വീണ്ടെടുക്കുക എന്ന ഇടയദൗത്യം മുറുകെപ്പിടിച്ച ഫ്രാൻസിസ് മാർപാപ്പ പാവങ്ങളോടുള്ള പക്ഷംചേരലിന്റെയും പുരോഗമന നിലപാടുകളുടെയും പേരിൽ ലോകത്തിന്റെ മുഴുവൻ സ്നേഹാദരവുകൾ പിടിച്ചുപറ്റി. കൂടുതൽ നന്മയുള്ള ഒരു ഇടമായി ഭൂമിയെ മാറ്റാനുള്ള ഉദാത്ത ദർശനങ്ങൾ ലോകത്തിനു സമ്മാനിച്ചശേഷമാണ് മാനവികതയുടെ ഈ മഹാപ്രവാചകൻ കാലയവനികയ്ക്കു പിന്നിലേയ്ക്കു മറയുന്നത്. ■

# ഫ്രാൻസിസ് പാപ്പായുടെ സഭാപ്രബോധനങ്ങൾ

പ്രബോധനപാത
ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

തന്റെ പ്രബോധനങ്ങളിൽ തികച്ചും അജപാലനശൈലി പുലർത്തിയ വ്യക്തിയായിരുന്നു ഫ്രാൻസിസ് മാർപാപ്പ. നിർവചനങ്ങളും, ദൈവശാസ്ത്ര പ്രമേയങ്ങളും അവതരണങ്ങളുമടങ്ങുന്ന പ്രബോധനശൈലിയിൽ നിന്നു വ്യത്യസ്തമായി സഭാപ്രബോധനങ്ങൾ പ്രായോഗികമായി അവതരിപ്പിക്കുന്നതിൽ പാപ്പാ വിജയിച്ചു. സൈദ്ധാന്തികമായ ഒരു വിശകലനമല്ല തന്റെ പ്രബോധനങ്ങളിലൂടെ മാർപ്പാപ്പ നടത്തുന്നത്. ഒരു അജപാലകന്റെ കണ്ണുകളിലൂടെയാണ് സഭാപ്രബോധനങ്ങൾ മാർപ്പാപ്പ കാണുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനങ്ങളും അപ്പസ്തോലിക ഉദ്ബോധനങ്ങളും മാത്രമാണ് ഇവിടെ സംക്ഷിപ്തമായി പ്രതിപാദിക്കുന്നത്.

## 1. ചാക്രികലേഖനങ്ങൾ (Encyclicals)

ഫ്രാൻസിസ് മാർപാപ്പയുടെ നാല് ചാക്രികലേഖനങ്ങളാണുള്ളത്.

### 1.1. വിശ്വാസവെളിച്ചം (Lumen Fidei)

ഫ്രാൻസീസ് പാപ്പായുടെ പ്രഥമ ചാക്രികലേഖനമായ വിശ്വാസവെളിച്ചം 2013 ജൂലായ് 5-ന് ആണ് പ്രസിദ്ധീകരിച്ചത്. സാർവത്രികസഭ വിശ്വാസവർഷം ആചരിക്കുന്ന പശ്ചാത്തലത്തിലാണ് വിശ്വാസത്തെക്കുറിച്ചുള്ള ഈ ചാക്രികലേഖനം പുറപ്പെടുവിച്ചത്. ബെനഡിക്ട് പതിനാറാമൻ പാപ്പാ സ്ഥാനത്യാഗം ചെയ്യുമ്പോൾ ഈ ചാക്രികലേഖനത്തിന്റെ പ്രഥമ കരടുരൂപം പൂർത്തിയാക്കിയിരുന്നു. അദ്ദേഹത്തിന്റെ രചന ഏറ്റെടുത്ത് സ്വന്തമായി ചിലതു കൂട്ടിച്ചേർക്കുകയാണ് ഫ്രാൻസീസ് മാർപാപ്പ ചെയ്തിരിക്കുന്നത്. ഈ ചാക്രിക ലേഖനത്തിന് നാല് അധ്യായങ്ങളുണ്ട്. വിശ്വാസം വെളിച്ചമാണ് എന്നതാണ് ഈ ചാക്രികലേഖനത്തിലെ അടിസ്ഥാന പ്രമേയം. സകല മനുഷ്യരുടെയും ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന മനുഷ്യഅസ്തിത്വത്തെ ബാധിക്കുന്ന എല്ലാ മേഖലകളെയും സ്പർശിക്കുന്ന പ്രകാശമാണ് വിശ്വാസം. ആ വിശ്വാസം വരുന്നത് ആ പ്രകാശം വരുന്നത് നമ്മളിൽ നിന്നല്ല ദൈവത്തിൽ നിന്നാണ്. നമ്മൾ വെറും ഉപകരണങ്ങൾ മാത്രമാണ്. ആത്യന്തികമായി പ്രവർത്തിക്കുന്നത് ദൈവമാണ്.

### 1.2. അങ്ങേക്കു സ്തുതി (Laudato Si)

ഫ്രാൻസീസ് മാർപാപ്പായുടെ പരിസ്ഥിതിയെക്കുറിച്ചുള്ള ചാക്രികലേഖനമാണ് ലൗദാത്തോ സി. 2015 ജൂൺ 18-ാം തിയതിയാണ് ഇത് പ്രസിദ്ധീകരിച്ചത്. വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയുടെ പ്രകൃതിദർശനം ഈ രേഖയുടെ പ്രചോദനമാണ്. ആറ് അധ്യായങ്ങളിലായി നമ്മുടെ പൊതുഭവനമായ ഭൂമി നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള അടിസ്ഥാന കാരണങ്ങളും വെല്ലുവിളികളെ നേരിടുന്നതിനുള്ള പ്രായോഗിക പരിഹാരമാർഗങ്ങളുമാണ് ഈ ചാക്രികലേഖനത്തിലൂടെ പാപ്പാ അവതരിപ്പിക്കുന്നത്. മലിനീകരണം, കാലാവസ്ഥാവ്യതിയാനം, ജലപ്രതിസന്ധി, ജൈവവൈവിധ്യനാശം, മനുഷ്യജീവിതത്തിന്റെ നിലവാരത്തകർച്ച, ആഗോളതല അസമത്വങ്ങൾ എന്നിവയാണ് നമ്മുടെ പൊതുഭവനം നേരിടുന്ന വെല്ലുവിളികൾ. ഈ പ്രതിസന്ധികളുടെ പ്രഭവകേന്ദ്രം മനുഷ്യൻതന്നെയാണ്. സാങ്കേതികവിദ്യ ലോകപുരോഗതിക്ക് ഏറെ സഹായിച്ചിട്ടുണ്ടെങ്കിലും സാങ്കേതികശാസ്ത്രത്തിന്റെ ചിന്താധാരയിൽ ചിലർ പ്രപഞ്ചത്തെ ഉപഭോഗത്തിനു മാത്രമായി നൽകപ്പെട്ട ഒരു വസ്തുവായോ തികഞ്ഞ അനാസ്ഥയോടെ വസ്തുക്കളെ വലിച്ചെറിയാനുള്ള വെറുമൊരു ഇടമായോ ആണ് മനസ്സിലാക്കുന്നത്. നമ്മിൽനിന്നും വിഭിന്നമായ ഒന്നായോ നാം ജീവിക്കു വെറുമൊരു സ്ഥലമായോ പ്രകൃതിയെ കാണാൻ പാടില്ല. നാം പ്രകൃതിയുടെ ഭാഗമാണ്; നാമതിൽ ഉൾച്ചേർന്നിരിക്കുന്നു.



**ആധുനിക സമൂഹത്തോട് സംവദിക്കാനുള്ള തന്റെ കഴിവ് ഫ്രാൻസിസ് മാർപാപ്പ ഈ സഭാപ്രബോധനങ്ങളിലൂടെ വ്യക്തമാക്കി. ആത്മീയ ഉൾക്കാഴ്ചകളും പ്രായോഗികജ്ഞാനവും പകർന്നു നൽകുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനങ്ങൾ ക്രൈസ്തവർക്കുമാത്രമല്ല, സകലമതസ്ഥർക്കും ഉപകാരപ്രദമാണ്; വഴികാട്ടിയാണ്.**

### 1.3. എല്ലാവരും സോദരർ (Fratelli Tutti)

ഫ്രാൻസിസ് മാർപാപ്പ 2020 ഒക്ടോബർ 4-ന് പ്രസിദ്ധീകരിച്ച ചാക്രികലേഖനമാണ് എല്ലാവരും സോദരർ. വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയുടെ സാഹോദര്യസങ്കൽപത്തിൽ നിന്ന് പ്രചോദനം സ്വീകരിച്ചാണ് ഫ്രാൻസീസ് മാർപാപ്പ ഈ ചാക്രികലേഖനം രചിച്ചിരിക്കുന്നത്. എട്ട് അധ്യായങ്ങളുള്ള ഈ ചാക്രികലേഖനത്തിലൂടെ വിശ്വമാനവിക സാഹോദര്യദർശനമാണ് മാർപാപ്പാ മുന്നോട്ടു വയ്ക്കുന്നത്. ദൈവമക്കളും സഹോദരരും എന്ന നിലയിൽ മനുഷ്യർക്കുള്ള സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ചുമതലകൾ, മനുഷ്യന്റെ തുല്യതയും മഹത്വവും, പാവങ്ങളോടുള്ള പക്ഷംചേരൽ, കൂട്ടായ്മ, സമാധാനം സ്ഥാപിക്കാനുള്ള നമ്മുടെ ഉത്തരവാദിത്തം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ഈ ചാക്രികലേഖനത്തിൽ മാർപാപ്പാ വിശദീകരിക്കുന്നു.

വ്യക്തികൾ ആദരിക്കപ്പെടേണ്ടവരും സ്നേഹിക്കപ്പെടേണ്ടവരുമാണെന്ന ചിന്ത ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് പാവപ്പെട്ടവരെയും വൈകല്യമുള്ളവരെയും അവഗണിക്കുന്ന പ്രവണത ഇന്നു വർധിച്ചുവരികയാണ്. എല്ലാ മനുഷ്യരും തുല്യ മഹത്വമുള്ളവരാണെന്നും മനുഷ്യാവകാശങ്ങൾ പാലിക്കപ്പെടേണ്ടവയാണെന്നും തത്വത്തിൽ അംഗീകരിക്കുമ്പോഴും മനുഷ്യനെ ചൂഷണം ചെയ്യാനും നിക്ഷിപ്തതാത്പര്യങ്ങൾക്കുവേണ്ടി ഉന്മൂലനം ചെയ്യാനും ഇന്ന് ആർക്കും മടിയില്ല. ആധുനികകാലത്ത് ദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന് വിജയിക്കുന്നുണ്ടെന്ന് നാം അവകാശപ്പെടുമ്പോഴും യഥാർഥത്തിൽ സാമ്പത്തിക അസമത്വം വർധിച്ചിരിക്കുകയാണ്. മനുഷ്യന് ആവശ്യമായ പല അടിസ്ഥാന സൗകര്യങ്ങളും എല്ലാ ജനതകൾക്കും ഇന്നും ലഭിച്ചിട്ടില്ല. അവഗണിക്കപ്പെട്ടവരിലും മുറിവേൽപ്പിക്കപ്പെട്ടവരിലും ക്രിസ്തുവിനെ കാണണമെന്ന് പാപ്പാ പഠിപ്പിക്കുന്നു.

### 1.4. അവിടുന്ന് നമ്മെ സ്നേഹിച്ചു (Dilexit Nos)

2024 ഒക്ടോബർ 24-ന് പ്രസിദ്ധീകരിച്ച ഫ്രാൻസിസ് പാപ്പായുടെ നാലാമത്തെ ചാക്രികലേഖനമാണ് അവിടുന്ന് നമ്മെ സ്നേഹിച്ചു. മുറിവേൽപ്പിക്കപ്പെട്ട ഈശോയുടെ തിരുഹൃദയത്തെക്കുറിച്ചും അവിടുത്തെ മാനുഷിക, ദൈവിക സ്നേഹത്തെക്കുറിച്ചുമാണ് പാപ്പാ ഈ ചാക്രികലേഖനത്തിൽ പ്രതിപാദിക്കുന്നത്. ഈശോയുടെ തിരുഹൃദയസ്നേഹത്തിന്റെ പ്രചാരകയായ വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിന് ഈശോ പ്രത്യക്ഷപ്പെട്ടതിന്റെ 350-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചാണ് ഈ ചാക്രികലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ ചാക്രികലേഖനത്തിന് അഞ്ച് അധ്യായങ്ങളാണുള്ളത്.

നമുക്ക് സമീപസ്ഥനായ, നമ്മോട് കരുണയോടെ ഇടപെടുന്ന, ആർദ്രതയുള്ള ഒരു ദൈവത്തെയാണ് ഈശോ തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നമുക്ക് കാണിച്ചുതന്നത്. വ്യക്തികളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും ഈശോ ശ്രദ്ധാലുവായിരുന്നു. ഈശോയുടെ തിരുഹൃദയത്തോടുള്ള യഥാർഥ വണക്കം നമ്മെ ദൈവസ്നേഹത്തിലേക്കും സഹോദരസ്നേഹത്തിലേക്കും നയിക്കണം. ഈശോ നമുക്ക് നൽകുന്ന സ്നേഹത്തെപ്രതി നമുക്ക് ചെയ്യാവുന്ന ഏറ്റവും ഉന്നതമായ പ്രവൃത്തികളിൽ ഒന്ന്, നമ്മുടെ സഹോദരീസഹോദരന്മാരെ ആത്മാർത്ഥമായി സ്നേഹിക്കുക എന്നതാണ്.

## 2. അപ്പസ്തോലിക ഉദ്ബോധനങ്ങൾ (Apostolic Exhortations)

ഫ്രാൻസിസ് മാർപാപ്പയുടെ ഏഴ് അപ്പസ്തോലിക ഉദ്ബോധനങ്ങളാണുള്ളത്.

### 2.1. സുവിശേഷത്തിന്റെ ആനന്ദം (Evangelii Gaudium)

2013 നവംബർ 24-ന് ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ഉദ്ബോധനമാണ് സുവിശേഷത്തിന്റെ ആനന്ദം. ആധുനികലോകത്തിൽ സുവിശേഷപ്രഘോഷണം എന്നതാണ് ഈ അപ്പസ്തോലിക ഉദ്ബോധനത്തിന്റെ ഉള്ളടക്കം. ക്രിസ്തീയവിശ്വാസത്തിന്റെ കൈമാറ്റത്തിന് നവസുവിശേഷവൽക്കരണം എന്ന വിഷയത്തെക്കുറിച്ച് 2012 ഒക്ടോബർ ഏഴു മുതൽ 28 വരെ റോമിൽ നടന്ന സിനഡിന്റെ പ്രമേയങ്ങളും പ്രസ്താവനകളും വിചിന്തനങ്ങളും ഈ രേഖയിലുണ്ട്. അഞ്ച് അധ്യായങ്ങളിലായി സഭയുടെ പ്രേഷിതദൗത്യവും പ്രേഷിതദൗത്യത്തിന്റെ സാമൂഹ്യമാനവും പാപ്പ വ്യക്തമാക്കുന്നു. സുവിശേഷം പങ്കുവയ്ക്കുന്നതിനെക്കുറിച്ചും സുവിശേഷം പങ്കുവയ്ക്കുമ്പോഴുണ്ടാകുന്ന സന്തോഷത്തെക്കുറിച്ചും ക്രിസ്തുവിലുള്ള ജീവിതത്തിനുള്ള സന്തോഷത്തെക്കുറിച്ചുമാണ് ഈ രേഖ പ്രതിപാദിക്കുന്നത്. ഇന്നത്തെ ലോകത്ത് സഭയുടെ സുവിശേഷവൽക്കരണദൗത്യം നിർവഹിക്കുമ്പോൾ നേരിടേണ്ടിവരുന്ന വെല്ലുവിളികളും ഇക്കാലഘട്ടത്തിലെ ചില പ്രത്യേകതകളും മാർപാപ്പ ചൂണ്ടികാണിക്കുന്നു.

### 2.2. സ്നേഹത്തിന്റെ ആനന്ദം (Amoris Letitia)

ഫ്രാൻസിസ് മാർപാപ്പ 2016 ഏപ്രിൽ എട്ടിന് പ്രസിദ്ധീകരിച്ച അപ്പസ്തോലിക ഉദ്ബോധനമാണ് സ്നേഹത്തിന്റെ ആനന്ദം. 2014 ലും 2015 ലും നടന്ന കുടുംബത്തെക്കുറിച്ചുള്ള രണ്ടു സിനഡുകളുടെയും പഠനങ്ങളും കുടുംബത്തെക്കുറിച്ചുള്ള ഫ്രാൻസിസ് മാർപാപ്പയുടെ തന്നെ പ്രബോധനങ്ങളും ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്. ഈ അപ്പസ്തോലിക പ്രബോധനത്തിന് ഒമ്പത് അധ്യായങ്ങളാണ് ഉള്ളത്. മറ്റെല്ലാവരുമായി പരസ്പരബന്ധവും കൂട്ടായ്മയുമുള്ള ഒന്നായാണ് കുടുംബത്തെ പാപ്പ മനസ്സിലാക്കുന്നതും അവതരിപ്പിക്കുന്നതും. സഭ കുടുംബങ്ങളുടെ കുടുംബമാണ്. കുടുംബജീവിതം നയിക്കുന്നവരെ സഹായിക്കുക എതാണ് സഭയുടെ കർത്തവ്യം.

### 2.3. ആനന്ദിച്ചാഹ്ലാദിക്കുവിൻ (Gaudete et Exsultate)

2018 മാർച്ച് 19-ന് പുറപ്പെടുവിച്ച ഫ്രാൻസീസ് മാർപാപ്പയുടെ അപ്പസ്തോലിക ഉദ്ബോധനമാണിത്. ഈ രേഖയുടെ പ്രധാന വിഷയം വിശുദ്ധിയിലേക്കുള്ള വിളി എന്നതാണ്. ഈ രേഖയെ സുവിശേഷത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ഉദ്ബോധനത്തിന്റെ പശ്ചാത്തലത്തിൽ വായിക്കണം. അഞ്ച് അധ്യായങ്ങൾ ഉള്ള ഈ രേഖയിൽ വിശുദ്ധിയും ആനന്ദവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ചുള്ള വിചിന്തനങ്ങളാണ് പാപ്പ നൽകുന്നത്. വിശുദ്ധിയുടെ ദാനം പരിശുദ്ധാത്മാവ് സഭയിലെ എല്ലാവരിലും സമൃദ്ധമായി വർഷിക്കുന്നുണ്ട്. സഭ വിശുദ്ധരെന്ന് പ്രഖ്യാപിച്ച രക്തസാക്ഷികൾക്കും വിശുദ്ധർക്കും പുറമേ, വിശുദ്ധജീവിതം നയിക്കുന്ന നിരവധി പേർ നമുക്കിടയിലുണ്ട്. വിശുദ്ധിയോടെ ജീവിക്കുന്ന നമ്മുടെ അമ്മമാരും അപ്പൻമാരും സഹോദരങ്ങളും നമുക്കിടയിൽ സേവനം ചെയ്യുന്ന സമർപ്പിതരും വൈദികരും ഈ ഗണത്തിൽ പെടുന്നു. ഓരോരുത്തരും അവരുടെ അവസ്ഥക്ക് ചേർന്നവിധം വിശുദ്ധിയിലേക്ക് വളരാൻ പരിശ്രമിക്കണം.

### 2.4. ക്രിസ്തു ജീവിക്കുന്നു (Christus Vivit)

ക്രിസ്തു ജീവിക്കുന്നു; അവിടുന്നു നമ്മുടെ പ്രത്യാശയാണ് എന്ന വാക്കുകളോടെയാണ് ഫ്രാൻസിസ് പാപ്പ യുവജനങ്ങൾക്കുവേണ്ടിയുള്ള ഈ അപ്പസ്തോലിക ഉദ്ബോധനം ആരംഭിക്കുന്നത്. 2018 ഒക്ടോബർ മൂന്നു മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജനസിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ രേഖയെ മനസ്സിലാക്കേണ്ടത്. ഈ രേഖയിൽ ഒമ്പത് അധ്യായങ്ങളാണുള്ളത്. ഇന്നത്തെ യുവാക്കൾ പലരും വിവിധ പ്രത്യയശാസ്ത്രങ്ങളുടെ പിടിയിലാണ്. മറ്റു ചിലർ രാഷ്ട്രീയ പാർട്ടികളുടെയും സാമ്പത്തിക ശക്തികളുടെയും തന്ത്രങ്ങൾക്ക് എളുപ്പത്തിൽ വശംവദരാകുന്നു. ദൈവം യുവജനങ്ങളെ സ്നേഹിക്കുന്നു. യുവജനങ്ങളുടെകൂടെ സഞ്ചരിക്കുന്ന സമൂഹമായി നാം മാറണമെന്ന് പാപ്പാ ആഹ്വാനം ചെയ്യുന്നു.

### 2.5. പ്രിയ ആമസോൺ (Querida Amazonia)

2020 ഫെബ്രുവരി 12-ാം തിയതിയാണ് നാല് അധ്യായങ്ങളുള്ള കെരിദാ ആമസോണിയ എന്ന അപ്പസ്തോലിക ഉദ്ബോധനം പ്രകാശിതമായത്. 2019 ഒക്ടോബർ നാലു മുതൽ 27 വരെ തിയതികളിൽ ആമസോണിലെ സഭയുടെ നവമായ വഴികളും അവിടത്തെ സമഗ്രപരിസ്ഥിതിയും എന്ന പ്രതിപാദ്യവിഷയവുമായി സഭയിലെ മെത്രാന്മാരും തദ്ദേശീയ ജനതകളുടെ പ്രതിനിധികളും വിദഗ്ധരും ഫ്രാൻസിസ് പാപ്പായുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിന്റെ പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ഈ പ്രബോ

ശേഷം പേജ് 6-ൽ

# ക്രിസ്തുവിനുവേണ്ടി ദാസികൾ

**സി. ടീന കുന്നേൽ എസ്.കെ.ഡി. (മദർ ജനറൽ)**

അതാതു സ്ഥലത്തെ ജീവിതരീതിയും ജനങ്ങളുടെ പാരമ്പര്യങ്ങളുമനുസരിച്ചുള്ള ആചാരങ്ങളും സ്ഥലത്തെ സന്യാസജീവിതം പ്രത്യേകവിധത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്' എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം അനുസരിച്ച് മാർ ജേക്കബ് തൂങ്കുഴി ആരംഭിച്ച സന്യാസിനിസമൂഹമാണ് ക്രിസ്തുദാസി സമൂഹം. കുടിയേറ്റ പ്രദേശമായ മാനന്തവാടി രൂപതയുടെ വളരെ പ്രത്യേകമായ ആത്മീയ അജപാലന, പ്രേഷിത ആവശ്യങ്ങളാണ് ക്രിസ്തുദാസി സമൂഹത്തിന് രൂപം നല്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കേരളത്തിന്റെ തെക്കുഭാഗത്തുനിന്നും വർദ്ധിച്ച തോതിൽ കുടിയേറ്റം തുടർന്നുകൊണ്ടിരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ, സംസ്കാരിക, സാമൂഹിക ആത്മീയ തലങ്ങളിൽ തീർത്തും പിന്നിലായിരുന്ന ഈ കുടിയേറ്റ ജനതയുടെ കഠിനാധ്വാനത്തിന്റെ കരങ്ങൾക്ക് ബലമാകാൻ, അവരെ സമുദ്ധരിക്കാൻ അന്നത്തെ രൂപതാധ്യക്ഷനായ (1973–1995) മാർ ജേക്കബ് തൂങ്കുഴി പിതാവ് പ്രത്യേകശ്രദ്ധ ചെലുത്തിയിരുന്നു. സമുദ്ധാരണ പദ്ധതികളുടെ കർമപരിപാടികളിൽ ഈ ജനതയുടെയിടയിൽ സേവനം ചെയ്യാൻ തയ്യാറുള്ള ഒരു സമർപ്പിത സമൂഹത്തിന്റെ ആവശ്യകത കണക്കിലെടുത്താണ് അദ്ദേഹം 1977 മെയ് 19–ന് ക്രിസ്തുദാസി സമൂഹത്തിന് രൂപം കൊടുത്തത്.

ഈ സമൂഹത്തിന്റെ കാരിസം ക്രിസ്തുവിനോടുള്ള ദാസ്യമാണ്. തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചുകൊണ്ട് മരണത്തോളം, കുരിശുമരണത്തോളം തന്നെത്തന്നെ താഴ്ത്തിയ ക്രിസ്തുവിന്റെ ജീവിതശൈലിയിൽ നിന്നുമാണ് ഈ കാരിസം ഉരുതിരിഞ്ഞത്. കാലഘട്ടത്തിന്റെ ആവശ്യങ്ങളിലൂടെ, വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലൂടെ വെളിപ്പെടുന്ന ദൈവഹിതം വിവേചിച്ചറിഞ്ഞ് ദൈവജനത്തിന് ശുശ്രൂഷ ചെയ്യുകയാണ് ക്രിസ്തുദാസി സമൂഹത്തിന്റെ പ്രവർത്തനശൈലി.



**കുടുംബപ്രേഷിത മേഖലയിലൂടെയും സാമൂഹിക, സൗഖ്യദായക, വിദ്യാഭ്യാസ, ഗാർഹിക, വചനപ്രഘോഷണ പ്രേഷിതത്വത്തിലൂടെയും, ക്രിസ്തുദാസി സമൂഹത്തിന്റെ കാരിസത്തിൽ പ്രായോഗിക വിധികളിലൂടെ ക്രിസ്തുവിനെ പകർന്നു നൽകാനും ക്രിസ്തുവിലേക്ക് അനേകരെ ആകർഷിക്കാനും വിവിധങ്ങളായപ്രേഷിത മേഖലകളിലേക്ക് ക്രിസ്തുദാസി സമൂഹത്തെ ദൈവം വളർത്തികൊണ്ടുവരുന്നു.**

പരിശുദ്ധ കന്യകാമറിയമാണ് സമൂഹത്തിന്റെ സ്വർഗീയ മധ്യസ്ഥ. 'ഇതാ കർത്താവിന്റെ ദാസി' എന്ന മാതാവിന്റെ മംഗളവാർത്തയിലെ പ്രത്യുത്തരമാണ് ക്രിസ്തുദാസികളുടെ മുദ്രാവാക്യം. കുടുംബപ്രേഷിത മേഖലയിലൂടെയും സാമൂഹിക, സൗഖ്യദായക, വിദ്യാഭ്യാസ, ഗാർഹിക, വചനപ്രഘോഷണ പ്രേഷിതത്വത്തിലൂടെയും, ക്രിസ്തുദാസി സമൂഹത്തിന്റെ കാരിസത്തിൽ പ്രായോഗിക വിധികളിലൂടെ ക്രിസ്തുവിനെ പകർന്നു നൽകാനും ക്രിസ്തുവിലേക്ക് അനേകരെ ആകർഷിക്കാനും വിവിധങ്ങളായപ്രേഷിത മേഖലകളിലേക്ക് ക്രിസ്തുദാസി സമൂഹത്തെ ദൈവം വളർത്തികൊണ്ടുവരുന്നു.

ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നീ നാലു ഭൂഖണ്ഡങ്ങളിൽ ക്രിസ്തുദാസി സമൂഹാംഗങ്ങൾ പ്രവർത്തനനിരതരാണ്. 'ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവനുഭവിക്കുന്നു.' എന്ന സ്ഥാപക പിതാവിന്റെ ആപ്തവാക്യം നെഞ്ചിലേറ്റി 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന് പ്രത്യുത്തരിച്ചുകൊണ്ട് ക്രിസ്തുവിന്റെ വയലേലകളിൽ ക്രിസ്തുവിനോടൊപ്പം ക്രിസ്തുദാസികൾ സ്നേഹശുശ്രൂഷ ചെയ്തുവരുന്നു. ■

# ഡെല്യൂഷണൽ ഡിസോർഡർ: തിരിച്ചറിയേണ്ട വസ്തുതകൾ

മെന്റൽ ഹെൽത്ത് കോർണർ

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**

തെറ്റായ ഒരു കാര്യം സത്യമാണെന്ന് ആഴമായി ഉറച്ചുവിശ്വസിക്കുകയും ശരിയല്ലെന്ന് ബോധ്യപ്പെടുത്തുന്ന തെളിവുകൾ കാണിച്ചുകൊടുത്താൽപോലും വിശ്വസിക്കാതിരിക്കുകയും ചെയ്തുകൊണ്ട് മിഥ്യാധാരണയിൽ കഴിച്ചുകൂട്ടുന്ന അവസ്ഥയാണ് ഡെല്യൂഷണൽ ഡിസോർഡർ അഥവാ സംശയരോഗം. ഇത്തരം മിഥ്യാധാരണകൾ ശാരീരികകാരണങ്ങൾ മൂലമോ ലഹരിയുടെ ഉപയോഗവുമായി ബന്ധപ്പെട്ടോ വന്നതായിരിക്കരുത്. ഗൗരവമേറിയ മനോരോഗങ്ങളിൽ ഉൾപെട്ട സംശയരോഗം മറ്റു രോഗങ്ങളേക്കാൾ കുറവായാണ് പൊതുവെ കണ്ടുവരുന്നത്.

## മിഥ്യാവിശ്വാസങ്ങൾ: പ്രത്യേകതകൾ

രോഗലക്ഷണങ്ങൾക്കനുസരിച്ച് ഭാര്യ തന്നോട് അവിശ്വസ്തത പുലർത്തുന്നു വെന്ന തെറ്റായ വിശ്വാസം (Jealous Type), മറ്റുള്ളവർ തന്നെ ഉപദ്രവിക്കുന്നു വെന്നും തനിക്കെതിരെ ഗൂഢാലോചനയും, മാർഗതടസ്സങ്ങളും നടത്തുന്നുവെന്ന മിഥ്യാവിശ്വാസങ്ങൾ (Persecutory Type), ശാരീരിക അവസ്ഥകളെക്കുറിച്ചുള്ള തെറ്റായ മിഥ്യാധാരണകൾ (Somatic Type), തനിക്ക് ഈശ്വരനുമായോ അതിപ്രശസ്ത വ്യക്തികളുമായോ ആഴമായ ബന്ധമുണ്ടെന്നും അല്ലെങ്കിൽ വലിയ കഴിവുകളും, സംഗതികളുമുള്ള വ്യക്തിയാണ് താൻ എന്നുള്ളതുമായ മിഥ്യാവിശ്വാസം (Grandiose Type), അതിപ്രശസ്തമായ സ്ഥാനത്ത് നില്ക്കുന്ന ഒരു വ്യക്തി താനുമായി പ്രണയത്തിലാണെന്നുള്ള മിഥ്യാവിശ്വാസവും അപ്രകാരമുള്ള വ്യക്തിയുമായി കണ്ടുമുട്ടുന്നതിനുള്ള നിരന്തരമായ പരിശ്രമം കാണിക്കുന്നതുമായ അവസ്ഥ (Erotomanic Type), സാധ്യമല്ലാത്തതും ഗ്രഹി ക്കാൻ കഴിയാത്തതും, നിത്യജീവിതവുമായി ബന്ധമില്ലാത്തതുമായ മിഥ്യാധാരണകൾ (Bizaarre Type).

## ലക്ഷണങ്ങൾ

ഒന്നോ അതിലധികമോ ഉള്ള മിഥ്യാധാരണകൾ ഒരു മാസമോ അതിലധികമോ സമയം നീണ്ടുനിൽക്കുന്നു. മിഥ്യാവിശ്വാസങ്ങൾക്കൊപ്പം ജീവിക്കുമ്പോഴും നിത്യജീവിതത്തിൽ ഒരു അപാകതയും പ്രത്യേകതയും കാണിക്കുന്നില്ല. ചില വ്യക്തികൾ കഠിനമായ ദേഷ്യപ്രകൃതവും അക്രമവാസനയും പ്രകടിപ്പിക്കുന്നു, ഇവർ മിഥ്യാധാരണകൾ യുക്തിസഹമായി അംഗീകരിക്കുകയില്ല.

## കാരണങ്ങൾ

പാരമ്പര്യകാരണങ്ങളും അതുപോലെ തലച്ചോറിലെ ഡോപ്പമിൻ എന്ന രാസവസ്തുവിന്റെ അളവു കൂടുന്നതും, ടെമ്പറൽ ലോബ്, ലിംബിക് സിസ്റ്റം, ബേസൽ ഗാംഗ്ലിയ എന്നിവയുടെ പ്രവർത്തന തകരാറുകളും സംശയരോഗികളിൽ കാണാറുണ്ട്.



**മിഥ്യാവിശ്വാസങ്ങളുമായി ബന്ധപ്പെട്ട് വ്യക്തിയിലുണ്ടാകുന്ന പ്രയാസങ്ങൾ കുറയ്ക്കാനായി മാനസിക പിന്തുണ നൽകുന്നതരം മനഃശാസ്ത്രചികിത്സയും ഔഷധങ്ങളോടൊപ്പം വ്യക്തിക്ക് നൽകാവുന്നതാണ്.**

അബോധമനസിലെ പുറത്തുപറയാനാകാത്ത തരം മനോസംഘർഷങ്ങൾ ഇത്തരം അവസ്ഥക്ക് വഴിതെളിയിക്കാമെന്ന സിദ്ധാന്തം സിഗ്മണ്ട് ഫ്രോയിഡ് മുന്നോട്ടുവെച്ചിട്ടുണ്ട്. അതുപോലെ ദുർബലമായ സാമ്പത്തിക, വിദ്യാഭ്യാസപരമായ സാഹചര്യങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, മദ്യാസക്തി തുടങ്ങിയവ സംശയരോഗത്തിന് കാരണമാകാം.

## ചികിത്സാസമീപനങ്ങൾ

തലച്ചോറിലെ ഡോപ്പമിന്റെ അളവ് ക്രമീകരിക്കാൻ സഹായിക്കുന്ന ആന്റി സൈക്കോട്ടിക്ക് (Antipsychotic) മരുന്നുകളാണ് ഏറ്റവും ഫലപ്രദമായ ചികിത്സ. ജീവിത പങ്കാളിയുടെ സംശയവും പീഡനവും മൂലം മാനസികമായി തകർന്നിരിക്കുന്ന വ്യക്തിയോട് ചികിത്സ എടുത്താൽ പഴയ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സാധിക്കുമെന്ന് പറഞ്ഞ് ധൈര്യം കൊടുക്കുക. ഇവിടെ കുടുംബാംഗങ്ങൾക്ക് കൊടുക്കുന്ന സൈക്കോ എഡ്യൂക്കേഷൻ വളരെ പ്രാധാന്യമർഹിക്കുന്നു. അതുപോലെ മിഥ്യാവിശ്വാസങ്ങളുമായി ബന്ധപ്പെട്ട് വ്യക്തിയിലുണ്ടാകുന്ന പ്രയാസങ്ങൾ കുറയ്ക്കാനായി മാനസികപിന്തുണ നൽകുന്നതരം മനഃശാസ്ത്രചികിത്സയും (Supportive Psychotherapy) ഔഷധങ്ങളോടൊപ്പം വ്യക്തിക്ക് നൽകാവുന്നതാണ്. രോഗം ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ ചികിത്സ തുടങ്ങിയാൽ രോഗം വർദ്ധിക്കാതെയും വ്യക്തിയിലെ പ്രയാസങ്ങൾ കുറയ്ക്കാനും ഭേദപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. ■

5–ാം പേജ് തുടർച്ച

ധനത്തിന്റെ ഉള്ളടക്കം. ഒമ്പതു രാജ്യങ്ങൾ ഉൾപ്പെടുന്ന ആമസോൺ പ്രവിശ്യയിലെ സാമൂഹികവും പാരിസ്ഥിതികവും അജപാലനപരവും ധാർമികവുമായ വെല്ലുവിളികളുടെ പൊതുവായ ഒരു മാർഗരേഖയാണ് ഈ അപ്പസ്തോലിക ഉദ്ബോധനം.

### 2.6. ദൈവത്തെ സ്തുതിക്കുവിൻ (Laudate Deum)

പ്രകൃതി സ്നേഹിയായിരുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനമായ 2023 ഒക്ടോബർ നാലാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പാ ഈ അപ്പസ്തോലിക ഉദ്ബോധനം ഒപ്പുവച്ചിരിക്കുന്നത്. 2015–ൽ പ്രസിദ്ധീകരിക്കപ്പെട്ട അങ്ങേക്കു സ്തുതി എന്ന ചാക്രികലേഖനത്തിന്റെ തുടർച്ചയും കാലികവ്യാഖ്യാനവുമാണ് ഈ പ്രബോധനം. ഇന്ന് മാനവരാശി നേരിടുന്ന ഏറ്റവും വലിയ ഭീഷണിയായ കാലാവസ്ഥാ പ്രതിസന്ധിയാണ് ഈ പ്രബോധനത്തിന്റെ പ്രധാന പ്രമേയം. ആറ് ഭാഗങ്ങളിലായി 73 ഖണ്ഡികകളുള്ള ഈ പ്രബോധനം കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് പൊതുസമൂഹത്തിനുണ്ടായിരിക്കേണ്ട നിതാന്ത ജാഗ്രതയും സൃഷ്ടപ്രപഞ്ചത്തിലെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ നാം പാലിക്കേണ്ട പൊതു ഉത്തരവാദിത്വവും ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു.

### 2.7. ഇതാണ് ദൈവാശ്രയം (Cest la Confiance)

സ്നേഹിക്കാനായി നമ്മെ പ്രേരിപ്പിക്കുന്ന ഏക ഘടകം ദൈവാശ്രയമാണ് എന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ വാക്കുകളാൽ ആരംഭിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഈ അപ്പസ്തോലിക ഉദ്ബോധനം 2023 ഒക്ടോബർ 15–ന് പ്രസിദ്ധീകൃതമായി. വിശുദ്ധയുടെ 150–ാം ജന്മദിനം, അവളെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദി എന്നിവയോടൊപ്പം, ഈ കാലഘട്ടത്തിലെ മനുഷ്യരിൽ സ്വാധീനം ചെലുത്തിയ ഉദാത്ത വ്യക്തിത്വങ്ങളുടെ ഗണത്തിൽ ഐക്യരാഷ്ട്രസഭ വിശുദ്ധ കൊച്ചുത്രേസ്യയെ ഉൾപ്പെടുത്തിയ പശ്ചാത്തലവും ഇതിന്റെ പ്രസിദ്ധീകരണത്തിന് കാരണമായി. നാല് അധ്യായങ്ങളുള്ള ഈ പ്രബോധനം വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മീയതയുടെ സാരാംശം സംഗ്രഹിക്കുന്നു.

### ഉപസംഹാരം

ചാക്രികലേഖനങ്ങളും അപ്പസ്തോലിക ഉദ്ബോധനങ്ങളും കൂടാതെ അപ്പസ്തോലിക കത്തുകളും മോത്തു പ്രോപ്രിയകളും അപ്പസ്തോലിക് കോസ്റ്റിറ്റിയൂഷനുകളും തുടങ്ങി വിവിധ രേഖകൾ ഫ്രാൻസിസ് മാർപാപ്പ രചിച്ചിട്ടുണ്ട്. ഇവയിൽ പലതും സഭയുടെ ഭരണനിർവഹണത്തിനും ദൈനംദിന ജീവിതക്രമത്തിനും ആവശ്യമുള്ള രേഖകളാണ്. ആധുനിക സമൂഹത്തോട് സംവദിക്കാനുള്ള തന്റെ കഴിവ് ഫ്രാൻസിസ് മാർപാപ്പ ഈ സഭാപ്രബോധനങ്ങളിലൂടെ വ്യക്തമാക്കി. ആത്മീയ ഉൾക്കാഴ്ചകളും പ്രായോഗികജ്ഞാനവും പകർന്നു നൽകുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനങ്ങൾ ക്രൈസ്തവർക്കുമാത്രമല്ല, സകലമതസ്ഥർക്കും ഉപകാരപ്രദമാണ്; വഴികാട്ടിയാണ്. ■

# ഫൊറോനാ വികാരിമാരുടെ അവകാശങ്ങളും കടമകളും

**ഫൊറോനാ വികാരിയെ നിയമിക്കുവാനുള്ള അധികാരം രൂപതാ മെത്രാന് മാത്രമാണ് ഉള്ളത്. മെത്രാന്റെ പേരിൽ ഭരണം നടത്തേണ്ട ആൾ എന്ന നിലയ്ക്ക് ഫൊറോനാ വികാരി സഭാ കാര്യങ്ങളിൽ നല്ല അറിവും വിശ്വാസതീക്ഷ്ണതയും ഉള്ള വൈദികൻ ആയിരിക്കണം.**

CANON LAW

റവ. ഡോ. ജോഷി കുളത്തുങ്കൽ

രൂപതകളുടെ വലിപ്പവും ഇടവകകളുടെ എണ്ണവും വർദ്ധിച്ചുവന്നതിനനുസരിച്ച് അജപാലന സൗകര്യത്തിനായി രൂപതയെ പല പ്രവിശ്യകളായി തിരിക്കുന്ന പതിവ് സഭയിൽ വന്നു. ഇപ്രകാരം തിരിക്കുന്ന പ്രവിശ്യകളിൽ ചില വൈദികരെ അജപാലന കാര്യങ്ങളുടെ മേൽനോട്ടത്തിനായും ശരിയായ നടത്തിപ്പിനായും നിയമിച്ചു തുടങ്ങി. പൗരസ്ത്യ കാനൻ നിയമസംഹിതയിൽ (CCEO) ഇത്തരം പ്രവിശ്യകളെ പ്രോട്ടോപ്രസ്ബിറ്ററേറ്റ് എന്നും ഇതിന്റെ അധികാരിയായി നിയമിക്കപ്പെടുന്ന വൈദികനെ പ്രോട്ടോപ്രസ്ബിറ്റർ എന്നും വിളിക്കുന്നു. സാധാരണയായി നാം ഇവരെ ഫൊറോന വികാരിമാർ എന്നാണ് വിളിക്കുന്നത്,. പൗരസ്ത്യ കാനൻ നിയമസംഹിതയിൽ കാനോന 276 മുതൽ 278 വരെയാണ് ഫൊറോനാ വികാരിമാരെ പറ്റി പ്രതിപാദിക്കുന്നത്.

പല ഇടവകകൾ ഉൾക്കൊള്ളുന്ന ഒരു ഫൊറോനയുടെ (ditsrict) ചുമതല ഏൽപ്പിക്കപ്പെടുകയും നിയമം നിശ്ചയിച്ചിരിക്കുന്ന ജോലികൾ രൂപതാ മെത്രാന്റെ നാമത്തിൽ അവിടെ നിർവഹിക്കുകയും ചെയ്യുന്ന ഒരു വൈദികനാണ് ഫൊറോനാ വികാരി. ഫൊറോനാ വികാരിയെ നിയമിക്കുവാനുള്ള അധികാരം രൂപതാ മെത്രാന് മാത്രമാണ് ഉള്ളത്. മെത്രാന്റെ പേരിൽ ഭരണം നടത്തേണ്ട ആൾ എന്ന നിലയ്ക്ക് ഫൊറോനാ വികാരി സഭാ കാര്യങ്ങളിൽ നല്ല അറിവും വിശ്വാസതീക്ഷ്ണതയും ഉള്ള വൈദികൻ ആയിരിക്കണം. പൊതുനിയമം അനുസരിച്ച് സാധാരണഗതിയിൽ ഫൊറോനാ വികാരി സ്ഥാനം ഒരു ഇടവകയോട് സ്ഥിരമായി യോജിപ്പിക്കപ്പെടുന്നില്ല. എന്നാൽ ഓരോ സഭയുടെയും പ്രത്യേക നിയമത്തിൽ വ്യത്യസ്തമായ ഒരു നിയമം ഉണ്ടാക്കാവുന്നതാണ്. നമ്മുടെ സഭയുടെ പ്രത്യേക നിയമമനുസരിച്ച് ഫൊറോനകൾ സ്ഥിരമായി നിശ്ചിത ഇടവക ദേവാലയങ്ങളെ കേന്ദ്രീകരിച്ചാണ് അറിയപ്പെടുക. ( art. 17, PLSMC) പ്രസ്തുത ദേവാലയങ്ങളോട് അനുബന്ധിച്ചാണ് ഫൊറോന കാര്യാലയങ്ങൾ പ്രവർത്തിക്കുന്നത്. ഫൊറോന വികാരിമാരുടെ കാലാവധി അതത് രൂപതകളിലെ വികാരിമാരുടെ കാലാവധി തന്നെയാണ്. വൈദിക സമിതിയോട് ആലോചിച്ചതിനു ശേഷം അജപാലന പ്രവർത്തന ആവശ്യപ്രകാരം ഫൊറോനകൾ സ്ഥാപിക്കുകയും പുനഃസംവിധാനം ചെയ്യുകയും നിർത്തലാക്കുകയും ചെയ്യുന്നത് രൂപതാ മെത്രാനാണ്.

രൂപതാ മെത്രാന്റെ ഉത്തരവാദിത്വങ്ങളിലും കടമകളിലും ഒരു പരിധിവരെ പങ്കുപറ്റുകയും ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ മെത്രാനെ സഹായിക്കുകയും ആണ് ഫൊറോന വികാരിമാരുടെ കടമ. പൊതു നിയമം (can. 278) വിശദമായി പ്രതിപാദിക്കുന്ന ഫൊറോന വികാരിയുടെ അവകാശങ്ങളും കടമകളും താഴെപ്പറയുന്നവയാണ്. പൊതുവായ അജപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, വൈദികർ തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുയോജ്യമായ ജീവിതം നയിക്കുന്നതും കടമകൾ ശ്രദ്ധാപൂർവ്വം നിർവഹിക്കുന്നതും സുഗമമാക്കുക, വിശുദ്ധ കുർബാനയും യാമ പ്രാർത്ഥനകളും ആരാധനക്രമ പുസ്തകങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതം ആഘോഷിക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തുക, പള്ളികളുടെയും വിശുദ്ധ വസ്തുക്കളുടെയും ഭംഗിയും ശുചിത്വവും പ്രത്യേകിച്ച് വിശുദ്ധ കുർബാനയുടെ ആഘോഷത്തിലും ദിവ്യകാരുണ്യം സൂക്ഷിക്കുന്നതിലും ശ്രദ്ധാപൂർവ്വം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക, ഇടവക രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക, സഭാവസ്തുക്കൾ ശ്രദ്ധാപൂർവ്വം ഭരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക, വൈദികമന്ദിരം വേണ്ടത്ര ശ്രദ്ധയോടെ സൂക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക.

അജപാലന കാര്യങ്ങൾക്കായും വിശുദ്ധ വിജ്ഞാനത്തിനായും മേലധ്യക്ഷൻ തീരുമാനിക്കുന്ന മീറ്റിങ്ങുകളിൽ ഫൊറോനയിലുള്ള വൈദികർ സംബന്ധിക്കുവാൻ ഏർപ്പാട് ചെയ്യേണ്ടത് ഫൊറോന വികാരിയാണ്. തന്റെ ഫൊറോനയിലുള്ള വൈദികർക്ക് ആധ്യാത്മിക സഹായങ്ങൾ ലഭ്യമാക്കുവാൻ ശ്രദ്ധിക്കുകയും വളരെ വിഷമകരമായ സാഹചര്യങ്ങളിലോ പ്രശ്നങ്ങളിലോ പെട്ട് വലയുന്നവരോട് പ്രത്യേക താൽപര്യം കാണിക്കേണ്ടതും ഫൊറോന വികാരിയാണ്. ഗുരുതരമായി രോഗബാധിതരെന്ന് താൻ അറിഞ്ഞ ഇടവക വികാരിമാർക്ക് ആധ്യാത്മികവും ഭൗതികവുമായ സഹായം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ഫൊറോന വികാരിയാണ്. തന്റെ ഫൊറോനയിൽ പെട്ട വൈദികർ മരിച്ചാൽ വേണ്ടവിധത്തിലുള്ള സംസ്കാര ശുശ്രൂഷകൾ ലഭിക്കുന്നുണ്ടെന്ന് ഫൊറോന വികാരി ശ്രദ്ധിക്കേണ്ടതാണ്. വികാരിമാരുടെ മരണത്തിന്റെ രോഗത്തിന്റെയോ അവസരത്തിൽ സഭാവക രജിസ്റ്ററുകൾ, രേഖകൾ, വിശുദ്ധ വസ്തുക്കൾ, മറ്റു സാധനങ്ങൾ എന്നിവ നശിക്കാതെ സൂക്ഷിക്കാൻ ഫൊറോന വികാരി നടപടിയെടുക്കേണ്ടതാണ്. രൂപതാ മെത്രാൻ നടത്തിയിരിക്കുന്ന ക്രമീകരണ പ്രകാരം ഇടവകകൾ സന്ദർശിക്കാൻ ഫൊറോനാ വികാരി കടപ്പെട്ടിരിക്കുന്നു.

ഈ അധികാരങ്ങൾക്കും കടമകൾക്കും പുറമേ കാനൻ നിയമത്തിൽ മറ്റു പല സ്ഥലങ്ങളിലും ഫൊറോനാ വികാരിമാരുടെ കടമകളെ കുറിച്ചുള്ള സൂചനകൾ കാണാം. ഇടവക വികാരിമാരെ നിയമിക്കുമ്പോൾ ഫൊറോനാ വികാരിയോട് അഭിപ്രായം ചോദിക്കാവുന്നതാണ് (can.285.3). രൂപതാ യോഗത്തിൽ അംഗം എന്ന നിലയിൽ ഫൊറോനാ വികാരിക്ക് അതിൽ സംബന്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട് (can.238.1n.5). ഇതിനും പുറമേ സീറോമലബാർ സഭയുടെ പ്രത്യേക നിയമം ഫൊറോന വികാരിയുടെ ചില അവകാശങ്ങൾ കൂടി എടുത്തു കാണിക്കുന്നുണ്ട് (art. 19, PLSMC). തന്റെ ഫൊറോന അതിർത്തിക്കുള്ളിൽ രൂപതാ മെത്രാൻ നിയമിച്ച ഇടവക വികാരിയുടെ സ്ഥാനാരോഹണ കർമ്മം നടത്തേണ്ടത് ഫൊറോന വികാരിയാണ്. മനസ്സമ്മതത്തിനു മുമ്പ് വിവാഹം വിളിച്ചു ചൊല്ലുവാൻ ഉള്ള അനുവാദം കൊടുക്കേണ്ടത് ഫൊറോന വികാരിയാണ്. വിവാഹത്തിനുമുമ്പ് മൂന്നുതവണ വിവാഹ പരസ്യം നടത്തേണ്ടതാണ് എങ്കിലും അവയിൽ രണ്ടു വിവാഹ പരസ്യങ്ങൾ കുറവ് ചെയ്യുവാൻ ഫൊറോനാ വികാരിക്ക് അധികാരം ഉണ്ട്. ഫൊറോന തലത്തിൽ നടത്തപ്പെടുന്ന വൈദിക സമ്മേളനങ്ങളിൽ അധ്യക്ഷത വഹിക്കേണ്ടത് ഫൊറോനാ വികാരിയാണ്. ഇതിനും പുറമേ ഓരോ രൂപതയുടെയും പ്രത്യേക നിയമത്തിൽ ഫൊറോനാ വികാരിമാരുടെ കൂടുതൽ അധികാരങ്ങളും കടമകളും രൂപതാ മെത്രാന് കൂട്ടിച്ചേർക്കാവുന്നതാണ്. ■

# വിവാഹമോചനം അനുവദനീയമോ?

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ആന്റണി വടക്കേകര വി.സി.



"എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു" (മത്തായി 5:32). "പരസംഗംമൂലം അല്ലാതെ മറ്റേതെങ്കിലും കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു" (മത്തായി 19:9).

വിവാഹമോചനത്തെക്കുറിച്ചുള്ള യേശുവിന്റെ അഭിപ്രായം ഫരിസേയർ ചോദിച്ചപ്പോൾ, വിവാഹം ദൈവസ്ഥാപിതമായ ജീവിതാവസ്ഥയാണെന്നും അത് അവിഭാജ്യമാണെന്നും അതിനാൽ വിവാഹമോചനം അനുവദിച്ചിട്ടില്ലെന്നും പഴയനിയമഗ്രന്ഥം ഉദ്ധരിച്ചുകൊണ്ട് (ഉല്പത്തി 1:27; 2:24) അവിടുന്നു വ്യക്തമാക്കി (മത്തായി 19:36). അപ്പോൾ ഫരിസേയർ യേശുവിനോടു വീണ്ടും ചോദിച്ചു: "അങ്ങനെയെങ്കിൽ ഉപേക്ഷാപത്രം നൽകി ഭാര്യയെ ഉപേക്ഷിക്കാമെന്ന് മോശ വിധിച്ചതെന്തുകൊണ്ട്?" (മത്തായി 19:7). ഇതിനു മറുപടി നൽകുമ്പോഴാണ് യേശു പറയുന്നത്: 'പരസംഗം മൂലമല്ലാതെ മറ്റേതെങ്കിലും കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു' എന്ന്. ഒരു കാരണവശാലും വിവാഹമോചനം പാടില്ലെന്നു പറയുന്ന യേശുതന്നെ 'പരസംഗം' എന്ന കാരണത്താൽ ഉപേക്ഷിക്കാമെന്നു പറയുന്നു. ഈ പ്രസ്താവനകളിൽ വൈരുദ്ധ്യമില്ലേ?

സമാന്തര സുവിശേഷങ്ങളിലെല്ലാം വിവാഹമോചനം ഒരുകാരണവശാലും പാടില്ലെന്ന് യേശു വ്യക്തമാക്കിയിട്ടുള്ളത് രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 19:3-6; മർക്കോസ് 10:1-12; ലൂക്കാ 16:18). മോശ വിവാഹമോചനം ഇസ്രായേൽക്കാർക്ക് അനുവദിച്ചതിനെക്കുറിച്ച് (നിയമാവർത്തനം 24:1-4) ചോദിച്ചപ്പോൾ യേശു പറഞ്ഞ മറുപടി ശ്രദ്ധേയമാണ്: "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്ക് അനുമതി നല്കിയത്; ആദിമുതലേ അങ്ങനെ ആയിരുന്നില്ല" (മത്തായി 19:8). ഇതൊരു അനുവാദമാണ്, കല്പനയല്ല. "വിവാഹമോചനം ഇസ്രായേലിന്റെ ദൈവമായ കർത്താവ് വെറുക്കുന്ന കാര്യമാണ്' (മലാക്കി 2:16). കാരണം, വിവാഹം വഴി പുരുഷനും സ്ത്രീയും ഒന്നായിത്തീരണമെന്നുള്ളത് അവിടുത്തെ തീരുമാനമാണ്; അതു മാറ്റാൻ മനുഷ്യന് അവകാശമില്ല.

വിവാഹമോചനത്തിനു യേശു നല്കുന്ന ഒരേയൊരു കാരണം പരസംഗമാണ്. പരസംഗത്തിന് മൂലഭാഷയായ ഗ്രീക്കിൽ 'പൊർനേയിയ' (Porneia) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. വിവിധതരത്തിലുള്ള ലൈംഗിക അധാർമ്മികതയെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന ഒരു പൊതുപദമാണിത്. വ്യഭിചാരത്തിനു ഗ്രീക്കിലെ 'മോയിക്കേയിയ' എന്ന പദമാണ് ഉപയോഗിക്കുന്നത്. മത്തായി 19:9-ലും 5:32-ലും ഉപയോഗിച്ചിരിക്കുന്ന പദം 'പൊർനേയിയ' ആണ് 'മോയിക്കേയിയ' അല്ല. വിവാഹം ഒരു കാരണവശാലും വേർപെടുത്താൻ പാടില്ലെന്ന ദൈവികനിയമം നിലവിലിരിക്കെ, വ്യഭിചാരത്തിന്റെ പേരിൽ യേശു വിവാഹമോചനം അനുവദിച്ചെന്ന് കരുതാൻ വയ്യ.

മത്തായി 19:9-ലും 5:32-ലും രേഖപ്പെടുത്തിയിരിക്കുന്ന പരസംഗത്തെ എപ്രകാരമാണ് മനസ്സിലാക്കേണ്ടത്? വി. പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 5:1-2, മത്തായി 19:9-ലേക്കും 5:32ലേക്കും വെളിച്ചംവീശുന്നുണ്ട്. 'വിജാതീയരുടെ ഇടയിൽ പോലും ഇല്ലാത്തതരം അവിഹിത ബന്ധങ്ങൾ നിങ്ങളുടെ ഇടയിലുണ്ടെന്നു കേൾക്കുന്നു' (1 കോറിന്തോസ് 5:1a). 'അവിഹിതബന്ധങ്ങൾ' എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നത് മൂലഭാഷയായ ഗ്രീക്കിലെ 'പൊർനേയിയ' എന്ന വാക്കാണ്. പൗലോസ് ശ്ലീഹാ ഉദ്ദേശിച്ച അവിഹിതബന്ധമെന്തെന്ന് ഒന്നാമത്തെ വാക്യത്തിന്റെ രണ്ടാം ഭാഗത്ത് വ്യക്തമാക്കുന്നു: 'നിങ്ങളിലൊരാൾ സ്വന്തം പിതാവിന്റെ ഭാര്യയുമായി അവിഹിതവേഴ്ചയിൽ കഴിയുന്നു!' (1 കോറിന്തോസ് 5:1 b). സ്വന്തം 'പിതാവിന്റെ ഭാര്യ' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് അമ്മയെയല്ല, പിതാവിന്റെ ഭാര്യമാരിലൊരാളെയാണ്. പിതാവിന്റെ ഭാര്യയുമായുള്ള ബന്ധം ഇസ്രായേൽ ജനങ്ങളുടെ ഇടയിൽ വിലക്കപ്പെട്ടതും നിയമസാധുതയില്ലാത്തതുമാണ്. 'നിന്റെ പിതാവിന്റെ ഭാര്യയുടെ നഗ്നത നീ അനാവൃതമാക്കരുത്; അതു നിന്റെ പിതാവിന്റെ തന്നെ നഗ്നതയാണ്' (ലേവ്യർ 18:8) എന്നത് ദൈവമായ കർത്താവിന്റെ കല്പനയാണ്. ആരെല്ലാമായുള്ള വേഴ്ചകളാണ് മുടക്കപ്പെട്ടിരിക്കുന്നതെന്നു ലേവ്യരുടെ പുസ്തകം വ്യക്തമാക്കുന്നുണ്ട് (18:6-23). 1 കോറിന്തോസ് 5:1-ൽ രേഖപ്പെടുത്തിയിരിക്കുന്ന അവിഹിതവേഴ്ചകൊണ്ട് ഉദ്ദേശിക്കുന്നത് നിഷിദ്ധമായതും നിയമസാധുതയില്ലാത്തതുമായ ബന്ധമാണ്. ഇങ്ങനെ പരസ്പരബന്ധമുള്ളവർ ഒരുമിച്ചു താമസിക്കുന്നത് വിവാഹമല്ല; അതിനു നിയമസാധുതയുമില്ല.

1 കോറിന്തോസ് 5:1-ന്റെ വെളിച്ചത്തിൽ മത്താ 19:9-ലും 5:32-ലും യേശു ഉദ്ദേശിച്ചത് മുടക്കപ്പെട്ട വ്യക്തികളുമായുള്ള സഹവാസത്തെക്കുറിച്ചാണ്. ലേവ്യരുടെ പുസ്തകത്തിൽ നിരവധി വിഭാഗങ്ങളിൽപ്പെട്ട വ്യക്തികളെ ഇത്തരക്കാരായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നത് ശ്രദ്ധേയമാണ് (ലേവ്യർ 18:6-23). മുടക്കപ്പെട്ട വ്യക്തികളുമായ സഹവാസം നിയമാനുസൃതമല്ലാത്തതുകൊണ്ട് അതു വിവാഹമായി പരിഗണിക്കാനോ, അവർ വേർപിരിയുന്നത് വിവാഹമോചനമായി കരുതുവാനോ പറ്റില്ല. അതിനാൽ, ഒരു കാരണവശാലും വിവാഹബന്ധം വേർപെടുത്താൻ പാടില്ല എന്ന യേശുവിന്റെ കല്പനയ്ക്ക് വിരുദ്ധമല്ല മത്തായി 19:9-ലും 5:32-ലും രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ പ്രസ്താവന. ■

# വിട, പ്രിയപ്പെട്ട ഫ്രാൻ

ആഗോള കത്തോലിക്കാ സഭാ വിശ്വാസികളുടെ ആത്മീയപിതാവ് ഫ്രാൻസിസ് പാപ്പ ഇനി ചരിത്രത്തിലും ഓർമകളിലും ജീവിക്കും. പന്ത്രണ്ടു വർഷം ഒരു മാസം എട്ടുദിവസം വലിയ മുക്കുവന്റെ ഇരിപ്പിടത്തിൽ അസ്സീസിയിലെ ഫ്രാൻസിസ് പുണ്യവാന്റെ പേരു സ്വീകരിച്ച് അതേ രീതിയിൽ ലാളിത്യത്തിന്റെ മറുരൂപമായി ജീവിച്ച ഫ്രാൻസിസ് പാപ്പ ഈസ്റ്ററിന്റെ പിറ്റേന്ന് 2025 ഏപ്രിൽ 21-ന് ഇറ്റാലിയൻ സമയം രാവിലെ 7.35 നാണ് പിതാവിന്റെ സന്നിധിയിലേക്ക് മടങ്ങിയത്.

ഫെബ്രുവരി തുടക്കം മുതൽ ശ്വാസകോശസംബന്ധമായ അസുഖങ്ങളെ തുടർന്ന് ബുദ്ധിമുട്ട് അനുഭവിച്ച പാപ്പയെ ഫെബ്രുവരി 14 നാണ് റോമിലെ ജെമെല്ലി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ബൈലാറ്ററൽ ന്യൂമോണിയയാണെന്ന് കണ്ടെത്തിയതിനെതുടർന്ന് വിദഗ്ദചികിത്സകളും നല്കിയിരുന്നു. എന്നാൽ ഒരു ഘട്ടത്തിൽ പാപ്പായുടെ നില അത്യന്തം ഗുരുതരാവസ്ഥയിലെത്തുകയും ലോകം മുഴുവൻ പാപ്പായുടെ ആരോഗ്യത്തിനുവേണ്ടിയുള്ള പ്രാർഥനകളിൽ മുഴുകുകയും ചെയ്തിരുന്നു. ആ പ്രാർഥനകളുടെ ഫലമായി മാർച്ച് 23-ന് പാപ്പ ഡിസ്ചാർജായി.

സാധാരണജീവിതത്തിലേക്ക് വളരെ പതുക്കെയാണെങ്കിലും തിരികെവന്നുകൊണ്ടിരിക്കുകയാണെന്ന വ്യക്തമാക്കിക്കൊണ്ട് ഓശാന ഞായറാഴ്ച തിരുക്കർമങ്ങളുടെ അവസാനം വീൽച്ചെയറിലെത്തി അദ്ദേഹം വിശ്വാസികളെ അഭിവാദ്യം ചെയ്യുകയും നല്ലൊരു വിശുദ്ധവാരം ആശംസിക്കുകയും ചെയ്തിരുന്നു. പെസഹാവ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷയിൽ ബസിലിക്കയിൽ പങ്കെടുത്തില്ലെങ്കിലും പതിവുപോലെ ജയിലിലെത്തി അന്തേവാസികളെ സന്ദർശിക്കാൻ പാപ്പായ്ക്കു സാധിച്ചു. ഈസ്റ്റർ ദിവസം ഊർബി ഏത് ഓർബി നല്കി റോമാനഗരത്തെയും ലോകത്തെയും അനുഗ്രഹിക്കുകയും ചെയ്തു. അതിന്റെ പിറ്റേന്നാണ് പക്ഷാഘാതവും ഹൃദയസ്തംഭനവുംമൂലം പാപ്പ അപ്രതീക്ഷിതമായിലോകത്തോട് വിടപറഞ്ഞത്. കാമർലെംഗോ കർദിനാൾ കെവിൻ ഫാരെല്ലാണ് പാപ്പയുടെ ദേഹവിയോഗം ഔദ്യോഗികമായി ലോകത്തെ അറിയിച്ചത്.

ഏപ്രിൽ 23 മുതൽ 25 വരെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പാപ്പയുടെ ഭൗതികദേഹം പൊതുദർശനത്തിനായി വച്ചു. പാപ്പാ താമസിച്ചിരുന്ന സാന്താമാർത്തയുടെ താഴത്തെ നിലയിലുള്ള ചാപ്പലിൽ നിന്ന് പ്രദക്ഷിണമായിട്ടാണ് ഭൗതികദേഹം ബസിലിക്കയിലെത്തിച്ചത്. ലക്ഷക്കണക്കിനാളുകളാണ് തങ്ങൾക്കു പ്രിയപ്പെട്ട മാർപാപ്പയെ അവസാനമായി ഒരുനോക്കുകാണാൻ ബസിലിക്കയിലെത്തിയത്. അഞ്ചുമണിക്കൂറിലധികം നീണ്ട ക്യൂവിൽ നിന്നവർപോലും അക്കൂട്ടത്തിലുണ്ടായിരുന്നു. വെള്ളിയാഴ്ച രാത്രി ഏഴുവരെയായിരുന്നു പൊതുദർശനസമയം. വെള്ളി രാത്രി എട്ടുമണിയോടെ കർദിനാൾ കെവിൻ ഫാരെൽ പെട്ടി അടച്ചു.





ഫ്രാൻസിസ് മാർപാപ്പയുടെ മൃതദേഹപേടകത്തിനു സമീപം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ



മാർപാപ്പയ്ക്കു ആദരാഞ്ജലി അർപ്പിക്കുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി



## സംസ്കാരച്ചടങ്ങുകളിലെ കേരളസാന്നിധ്യം

ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാരശുശ്രൂഷകളിലെ പ്രാർഥനകളിൽ സീറോമലബാർസഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, സീറോമലങ്കര സഭാധ്യക്ഷൻ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ്, കർദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്, മേജർആർച്ചുബിഷപ് എമരിത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, റോമിലെ മേജർ ആർച്ചുബിഷപ്പിന്റെ പ്രൊക്യുറേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്, റോമിലുള്ള മലയാളികളായ വൈദികർ, സമർപ്പിതർ, വൈദിക വിദ്യാർത്ഥികൾ, അല്മായർ തുടങ്ങി നിരവധി പേർ പങ്കെടുത്തു. കേന്ദ്ര മന്ത്രി ശ്രീ. ജോർജ് കുര്യൻ, സംസ്ഥാന മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. ചാണ്ടി ഉമ്മൻ എം.എൽ.എ. തുടങ്ങിയവരും പാപ്പക്ക് അന്ത്യോപചാരമർപ്പിക്കാനെത്തിയിരുന്നു. ഫ്രാൻസിസ് മാർപാപ്പയുടെ അന്ത്യയാത്രയിൽ പൂക്കൂടയുമായി കബറിടം വരെ അകമ്പടി സേവിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവരിൽ സീറോമലബാർസഭയ്ക്കുവേണ്ടി വത്തിക്കാനിൽ സ്ഥാപിച്ച സാന്താ അസ്താസിയ ബസിലിക്ക ഇടവകാംഗമായ നിയ എന്ന നാലാംക്ലാസുകാരിയുണ്ടായിരുന്നു.









# ൻസിസ് പാപ്പ!





ശനിയാഴ്ച രാവിലെ പത്തു മണിക്ക് (ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30) സെന്റ് പീറ്റേഴ്സ് ബസിലിക്ക അങ്കണത്തിൽ ആരംഭിച്ച സംസ്കാരശുശ്രൂഷകൾക്ക് കർദിനാൾ കോളജിന്റെ ഡീൻ കർദിനാൾ ജിയോവാനി ബത്തീസ്റ്റ റേ മുഖ്യകാർമികത്വം വഹിച്ചു. അനശ്വരസന്തോഷത്തിലേക്ക് ഫ്രാൻസിസ് പാപ്പയെ ദൈവം സ്വീകരിക്കുന്നതിനായി അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് കർദിനാൾ റേ പറഞ്ഞു. സഭ എല്ലാവരുടെയും ഭവനമാണ് എല്ലായ്പ്പോഴും തുറന്നിരിക്കുന്ന വാതിലുകളുള്ള ഒരു വീടെന്ന ഫ്രാൻസിസ് പാപ്പയുടെ ബോധ്യമാണ് സഭയെ ഒരു പ്രവർത്തനരംഗ ആതുരാലയം എന്ന് വിശേഷിപ്പിക്കാൻ പ്രചോദനം നല്കിയതെന്നും കർദിനാൾ അനുസ്മരിച്ചു.

വിശുദ്ധ കുർബാനയ്ക്കും ലത്തീൻ ക്രമത്തിലുള്ള സംസ്കാരശുശ്രൂഷകളുടെ അവസാനഭാഗത്തിനും ശേഷം പൗരസ്ത്യ സഭകളിലെ പാത്രിയാർക്കീസുമാരും മേജർ ആർച്ചുബിഷപ്പുമാരും മറ്റ് സ്വയംഭരണാധികാര സഭകളിലെ തലവന്മാരായ മെത്രാപ്പോലീത്തമാരും ചേർന്ന് ബൈസൈന്റയിൻ ക്രമത്തിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനാശുശ്രൂഷകൾ നടത്തി. ഈ പ്രാർഥനയിൽ മൃതദേഹപേടകത്തിന് അരികിൽ നിന്നുകൊണ്ട് സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവും മേജർആർച്ചുബിഷപ് എമിരത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും പങ്കുചേർന്നു.

തിരുകർമങ്ങളുടെ അവസാനം പാപ്പയുടെ ഭൗതികദേഹ പേടകം സെന്റ് പിറ്റേഴ്സ് ബസിലിക്കയിൽ പ്രവേശിപ്പിക്കുകയും അവിടെനിന്ന് ബസിലിക്കയുടെ പുറത്തേയ്ക്ക് കൊണ്ടുപോവുകയും സാന്താമാർത്ത ചത്വരത്തിൽ വച്ച് ഭൗതികദേഹം പോപ് മൊബീലിലേക്ക് മാറ്റുകയും തുടർന്ന് വിലാപയാത്രയായി ആറു കിലോമീറ്റർ അകലെയുള്ള മേരി മേജർ ബസിലിക്കയിൽ എത്തിക്കുകയും ചെയ്തു. അവിടെ മാർപാപ്പയുടെ ആഗ്രഹപ്രകാരം അദ്ദേഹം നിശ്ചയിച്ചിരുന്ന സ്ഥലത്ത് അലങ്കാരങ്ങളെല്ലാം ഒഴിവാക്കി ഏറ്റവും ലളിതമായ രീതിയിലായിരുന്നു ഭൗതികദേഹം അടക്കം ചെയ്തത്.

ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമു, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, അർജന്റീനയുടെ പ്രസിഡന്റ് ഹാവിയർ മിലേ, ബ്രസീൽ പ്രസിഡന്റ് ലുലു ഡാ സിൽവ, യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലൻസ്ക്കി, ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമർ, ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ് തുടങ്ങിയ അറുപത് രാഷ്ട്രത്തലവന്മാരുടെയും 136 രാജ്യങ്ങളുടെ പ്രതിനിധികളുടെയും സാന്നിധ്യവും പാപ്പയുടെ സംസ്കാരച്ചടങ്ങുകളിലുണ്ടായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആറുലക്ഷത്തിലധികം പേർ പാപ്പയുടെ സംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.













## മേരി മേജർ ബസിലിക്കയും ഫ്രാൻസിസ് പാപ്പയും

മാർപാപ്പമാരുടെ ഭൗതികദേഹം സാധാരണയായി അടക്കം ചെയ്യുന്നത് സെന്റ് പീറ്റേഴ്സ് ബസിലിക്കയിലാണ്. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി താൻ എപ്പോഴും പ്രാർഥിക്കാനായി പോയിരുന്ന മേരി മേജർ ബസിലിക്കയിൽ തന്റെ ഭൗതികദേഹം അടക്കംചെയ്യണമെന്ന ആഗ്രഹം ഫ്രാൻസിസ് മാർപാപ്പ 2022-ൽ തന്നെ വിൽപ്പത്രത്തിൽ എഴുതിവച്ചിരുന്നു. ഇതിൻപ്രകാരമാണ് പാപ്പയ്ക്ക് മാതാവിന്റെ പള്ളിയിൽ അന്തിമവിശ്രമസ്ഥലം ഒരുക്കിയത്. ഫ്രാൻസിസ് പാപ്പയ്ക്ക്മുമ്പ് ഏഴു മാർപാപ്പമാരെ ഇവിടെ അടക്കം ചെയ്തിട്ടുണ്ട്. പോപ്പ് ഹോണോറിയസ് മൂന്നാമൻ, പോപ്പ് നിക്കോളാസ് നാലാമൻ, വിശുദ്ധ പയസ് അഞ്ചാമൻ, പോപ്പ് സിക്സ്റ്റസ് അഞ്ചാമൻ, പോപ്പ് ക്ലമെന്റ് എട്ടാമൻ, പോപ്പ് പോൾ അഞ്ചാമൻ, പോപ്പ് ക്ലെമന്റ് ഒമ്പതാമൻ എന്നിവരുടെ കല്ലറകൾ ഈ ബസിലിക്കയിലാണ്.

# ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു

വിശ്വാസപ്രമാണ പഠനപരമ്പര

ഫാ. തോമസ് മേൽവെട്ടത്ത്



**'സഭ... സ്വർഗീയ മഹത്ത്വത്തിൽ മാത്രമേ' ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ പ്രത്യാഗമനത്തിൽ മാത്രമേ 'അതിന്റെ പൂർണതനേടുകയുള്ളൂ' ആ ദിവസംവരെ സഭ തന്റെ തീർഥയാത്രയിൽ ഈ ലോകത്തിന്റെ പീഡനങ്ങളുടെയും ദൈവം നൽകുന്ന ആശ്വാസങ്ങളുടെയും ഇടയിലൂടെ മുന്നേറുന്നു.**

### സഭ പിതാവിന്റെ ഹൃദയത്തിൽ ഉദ്ഭവിച്ച പദ്ധതി

നിത്യപിതാവ് തന്റെ ജ്ഞാനത്തിന്റെയും നന്മയുടേയും തികച്ചും സൗജന്യവും രഹസ്യാത്മകവുമായ പദ്ധതിയനുസരിച്ച് പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു; തന്റെ ദൈവിക ജീവനിലേക്ക് മനുഷ്യരെ ഉയർത്താൻ തിരുമനസ്സാകുകയും അതിലേക്ക് തന്റെ പുത്രനിൽ എല്ലാ മനുഷ്യരെയും വിളിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ വിശുദ്ധ സഭയിൽ വിളിച്ചുകൂട്ടാൻ പിതാവ് നിശ്ചയിച്ചു. ക്രമേണ ദൈവത്തിന്റെ ഒരു കുടുംബം രൂപവത്കരിക്കപ്പെട്ടു (CCC 759). ലോകാരംഭം മുതൽ മുൻകൂട്ടി വിളിച്ചുകൂട്ടപ്പെട്ട' ഈ സമൂഹമാണ് സഭ. ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സഭയ്ക്കു വേണ്ടിയാണ്, ദൈവത്തിന്റെ ഉദ്ദേശ്യമാണ് മനുഷ്യരക്ഷ. അത് സഭയിലൂടെ നടത്തപ്പെടുന്നു. ദൈവത്തിന്റെ ഇച്ഛയാണ് സൃഷ്ടി, അത് 'ലോക'മെന്നു വിളിക്കപ്പെടുന്നു. അതുപോലെ അവിടത്തെ ഉദ്ദേശ്യമാണ് മനുഷ്യരക്ഷ. അതു 'സഭ' എന്നു വിളിക്കപ്പെടുന്നു (CCC 760).

- പഴയ ഉടമ്പടിയിൽ ഒരുക്കപ്പെട്ട സഭ CCC 761) എല്ലാ ജനതയിലും ദൈവത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും ദൈവത്തിനു സ്വീകാര്യനാണ്. CCC 762–ൽ നാം മനസ്സിലാക്കുന്നു, ദൈവം ജനത്തെ ഒരുമിച്ചുചേർക്കലിനുള്ള തയ്യാറെടുപ്പിനായി അബ്രാഹത്തെ വിളിക്കുകയും വലിയൊരു ജനത്തിന്റെ പിതാവായിത്തീരുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. ദൈവജനം ഉടമ്പടി പാലിക്കേണ്ടതിനെപ്പറ്റി പ്രവാചകന്മാർ ഓർമ്മിപ്പിക്കുന്നു.

- മിശിഹായിൽ സ്ഥാപിക്കപ്പെട്ട സഭ (CCC 763)

ദൈവരാജ്യത്തിന്റെ ആഗമനം പ്രഘോഷിച്ചുകൊണ്ട് കർത്താവായ മിശിഹാ തന്റെ സഭയുടെ ആരംഭം കുറിച്ചു. ഈ രാജ്യം മിശിഹായുടെ വാക്കിലും പ്രവൃത്തികളിലും സാന്നിധ്യത്തിലും മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കുന്നു (CCC 764). ദൈവരാജ്യത്തിന്റെ പൂർണത സംജാതമാക്കുന്നതുവരെ ഇവിടം നിലനിൽക്കാനുള്ള സംവിധാനം തന്റെ സമൂഹത്തിൽ ഈശോ നൽകി. പത്രോസിനെ തലവനാക്കികൊണ്ട് പന്ത്രണ്ടുപേരെ തെരെഞ്ഞെടുക്കുന്നു (CCC 765). സഭ ജനിക്കുന്നതു പ്രഥമമായി നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു വിശുദ്ധകുർബാനയുടെ സ്ഥാപനത്തിൽ മുൻകൂട്ടി നടത്തുകയും കുരിശിൽ പൂർത്തിയാക്കുകയും ചെയ്ത സമ്പൂർണമായ ആത്മദാനത്തിൽ നിന്നാണ്. ക്രൂശിതനായ ഈശോയുടെ തിരുവിലാവിൽ നിന്ന് ഒഴുകിയ 'രക്തവും ജലവും' സഭയുടെ ഉത്ഭവത്തെയും വളർച്ചയെയും പ്രതീകാത്മകമായി സൂചിപ്പിക്കുന്നു (CCC 766) പരിശുദ്ധാത്മാവിനാൽ പ്രത്യക്ഷമാക്കപ്പെട്ട സഭ (CCC 767) ലോകത്തിൽ നിർവഹിക്കാനായി പിതാവ് പുത്രനെ ഏല്പിച്ച ജോലി പൂർത്തിയായപ്പോൾ സഭയെ വിശുദ്ധീകരിക്കുന്നതിനായി പന്തക്കുസ്താദിവസം പരിശുദ്ധാത്മാവ് അയക്കപ്പെട്ടു. സഭയ്ക്ക് അതിന്റെ ദൗത്യം നിറവേറ്റുന്നതിനുവേണ്ടി പരിശുദ്ധാത്മാവ് അതിന്റെമേൽ വിവിധ തരത്തിലുള്ള ഹയരാർക്കിപരവും സിദ്ധിപരവുമായ ദാനങ്ങൾ ചൊരിഞ്ഞ് അതിനെ നയിക്കുന്നു (CCC 768).

### മഹത്ത്വത്തിൽ പൂർണമാക്കപ്പെട്ട സഭ (CCC 769)

'സഭ... സ്വർഗീയ മഹത്ത്വത്തിൽ മാത്രമേ' ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ പ്രത്യാഗമനത്തിൽ മാത്രമേ 'അതിന്റെ പൂർണതനേടുകയുള്ളൂ' ആ ദിവസംവരെ സഭ തന്റെ തീർഥയാത്രയിൽ ഈ ലോകത്തിന്റെ പീഡനങ്ങളുടെയും ദൈവം നൽകുന്ന ആശ്വാസങ്ങളുടെയും ഇടയിലൂടെ മുന്നേറുന്നു.

ദൈവജനത്തിന്റെ പ്രത്യേകതകൾ (മതം, വംശം, ധർമം, സംസ്കാരം) എന്നിവയിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു (CCC 782).

അത് ദൈവത്തിന്റെ ജനമാണ്. ജനത്തിൽ അംഗമാകുന്നത് ഉന്നതത്തിൽ നിന്നു ജനിച്ചതുകൊണ്ടാണ്. ജലത്താലും ആത്മാവിനാലുമുള്ള ജനനമാണത്. ഈ ജനത്തിന് ശിരസ്സായി മിശിഹാ ഉണ്ട് (മെസ്സയാനിക് ജനം). ഈ ജനത്തിന് ദൈവമക്കളുടെ മഹത്ത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റേതുമായ പദവിയുണ്ട്. മിശിഹാ നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കുക എന്ന നവീന പ്രമാണമാണ് ഇതിന്റെ നിയമം. ഈ ജനത്തിന്റെ ദൗത്യം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരുക എന്നതാണ്. ഇതിന്റെ ഭാഗധേയം ദൈവരാജ്യമാണ്. ഭൂമിയിൽ ദൈവം തന്നെതുടങ്ങിയതും, കാലത്തിന്റെ തികവിൽ അവിടുന്ന് പൂർണതയിലേക്ക് എത്തിക്കുന്നതുവരെ ഇനിയും വിസ്മൃതമാകേണ്ടതുമായ ദൈവരാജ്യം.

### സഭ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമാണ്

അവിഭാജ്യമാംവിധം പരസ്പരം ബന്ധപ്പെട്ട സഭയുടെ നാലു സവിശേഷതകളാണിത്. മിശിഹായാണ് പരിശുദ്ധാത്മാവിലൂടെ തന്റെ സഭയെ ഇങ്ങനെയാക്കുന്നത്, ഇവ ഓരോന്നും സാക്ഷാത്കരിക്കാൻ അവിടന്നാണ് സഭയെ വിളിക്കുന്നത് (CCC 811). സഭ ഈ സവിശേഷതകളെ തന്റെ ദൈവിക സ്രോതസ്സിൽ നിന്നു സ്വന്തമാക്കുന്നുവെന്നു വിശ്വാസത്തിലൂടെ മാത്രമേ നമുക്ക് ഇത് മനസ്സിലാക്കാൻ കഴിയുകയുള്ളൂ (CCC 812).

### പുണ്യവാന്മാരുടെ ഐക്യം (CCC 946-962)

(അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം) വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും എന്ന് കൂട്ടിചേർക്കുന്നു. ചുരുക്കത്തിൽ, എല്ലാ വിശുദ്ധരുടെയും സമ്മേളനമില്ലാതെ എന്താണു സഭ? പുണ്യവാന്മാരുടെ കൂട്ടായ്മ തന്നയാണ് സഭ. എല്ലാ വിശ്വാസികളുംകൂടി ഒറ്റ ശരീരമാകുന്നതുകൊണ്ട് ഒരോരുത്തരുടെയും നന്മ മറ്റുള്ളവർക്ക് പകർന്നു നൽകപ്പെടുന്നു. ഇതിന് രണ്ട് അർഥമുണ്ട് 'വിശുദ്ധ വസ്തുക്കളിൽ' (sancta) ഉള്ള ഐക്യം, വിശുദ്ധരായ വ്യക്തികളുടെ ഐക്യം (sancti)

### ആധ്യാത്മിക നന്മകളിലുള്ള സംസർഗം

1) വിശ്വാസത്തിലുള്ള ഐക്യം CCC 949. 2) കൂദാശകളുടെ ഐക്യം CCC 950. 3) സിദ്ധികളുടെ ഐക്യം CCC 951. 4) സ്നേഹത്തിലുള്ള ഐക്യം CCC 952 എന്നിവയാണ് സ്വർഗീയ സഭയും ഭൗമിക സഭയും തമ്മിലുള്ള ഐക്യം.

**സഭയുടെ മൂന്നവസ്ഥകൾ;** കർത്താവ് തന്റെ സർവ മാലാഖമാരോടുകൂടെ മഹത്ത്വത്തിൽ വരുമ്പോൾ മരണം നശിപ്പിക്കപ്പെടുകയല്ല, എല്ലാം അവിടുത്തേക്ക് വിധേയമാക്കപ്പെടുകയും ചെയ്യും (CCC 954).

1) ഭൂമിയിലുള്ള തീർഥാടകരായുള്ളവരാണ് നമ്മൾ. 2) ആധ്യാത്മികന്മകളിലുള്ള സംസർഗം വഴി ഈ ഐക്യം ദൃഢമാവുകയാണ്. 3) ചിലർ ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 4) മറ്റു ചിലർ ത്രിതൈക ദൈവത്തെ സ്പഷ്ടമായി ദർശിച്ചുകൊണ്ട് മഹത്ത്വീകരിക്കുന്നു. ■

# ഭാരതസഭയെക്കുറിച്ച് വിശുദ്ധ എഫ്രേം

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**'മുത്തുകൾക്ക് പേരുകേട്ട ഒരു രാജ്യമായ' ഇന്ത്യയിൽനിന്ന് അപ്പസ്തോലനായ തോമസിന്റെ തിരുശേഷിപ്പ് ലഭിച്ചതിന് എഫ്രേം എദേസ്സയെ പ്രശംസിക്കുന്നത് കാണാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എദേസ്സ ഇപ്പോൾ ഈ മുത്ത് സ്വന്തമാക്കിയിരിക്കുന്നു. അപ്പസ്തോലന്റെ ഇന്ത്യയിലെ ദൗത്യവും മരണവും തന്റെ മാത്രം വിശ്വാസത്തിന്റെ ഭാഗമല്ലെന്നും സഭയുടെ മുഴുവൻ വിശ്വാസമാണെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.**

വിശുദ്ധ എഫ്രേം തന്റെ പല കവിതകളിലും തോമാശ്ലീഹായുടെ ഇന്ത്യൻ ദൗത്യത്തെ പരാമർശിക്കുന്നുണ്ട്. ഈ കവിതകളിൽ അദ്ദേഹം തോമാശ്ലീഹായെ സ്തുതിക്കുന്നതായി കാണാനാവും. തോമാശ്ലീഹാ സുവിശേഷം അറിയിച്ചതും മരിച്ചതും കബറടക്കപ്പെട്ടതും ഇന്ത്യയിലാണെന്ന് വിശുദ്ധ എഫ്രേം സാക്ഷ്യപ്പെടുത്തുന്നു. ശ്ലീഹായുടെ തിരുശേഷിപ്പിനെക്കുറിച്ചും ഇന്ത്യയിലെ അദ്ദേഹത്തിന്റെ ദൗത്യത്തെക്കുറിച്ചും ഇതിൽ പരാമർശിക്കുന്നു. എസ് എദേസ്സയിലെ സഭയുടെ ചരിത്രത്തിലെ ഒരു വലിയ സംഭവമായിരുന്നു തോമാശ്ലീഹായുടെ തിരുശേഷിപ്പ് അങ്ങോട്ട് കൊണ്ടുപോയത് എന്ന് അദ്ദേഹം കവിതകളിൽ വിവരിക്കുന്നു.

കാർമിന നിസിബേന 42 എന്ന കവിതയിൽ അപ്പസ്തോലന്റെ തിരുശേഷിപ്പ് ഇന്ത്യയിൽ നിന്ന് എദേസ്സയിലേക്ക് കൊണ്ടുപോയതിനെക്കുറിച്ച് എഫ്രേം സാക്ഷ്യപ്പെടുത്തുന്നു. ഈശോ തുടങ്ങിവച്ചതും അപ്പസ്തോലന്മാർ തുടർന്നു കൊണ്ടുപോയതുമായ രക്ഷാകരപദ്ധതിക്ക് മുന്നിൽ പിശാചിന് ഉണ്ടായ പരാജയത്തെക്കുറിച്ച് പിശാച് പരിതപിക്കുന്നു. മദ്രസ ഒന്ന്, മദ്രസ രണ്ട്, മദ്രസ മൂന്ന് എന്നീ കവിതകളിലും വിശുദ്ധ എഫ്രേം തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഇന്ത്യയിലെ സഭയുടെ ആദ്യകാല ചരിത്രം കുറേയൊക്കെ മനസ്സിലാക്കുവാൻ ഈ കവിതകൾ സഹായിക്കുന്നുണ്ട്. Hymni Dispersi 5, 6, 7 എന്നീ കവിത സമാഹാരങ്ങളിലും തോമാശ്ലീഹായെ കുറിച്ച് കാണാം. Memre എന്ന മറ്റൊരു കവിത സമാഹാരത്തിലും എഫ്രേം തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഈ സ്തുതിഗീതങ്ങൾ വളരെ മനോഹരവും കാവ്യാത്മകവും ശ്ലീഹായെ ആദരിക്കുന്നതും ആണ്. ഈശോയോടുള്ള തോമാശ്ലീഹായുടെ ബന്ധത്തെ ഇവിടെ അവതരിപ്പിക്കുന്നു. തന്റെ സ്നേഹം സ്പർശനത്തിലൂടെ ശ്ലീഹ പ്രകടിപ്പിക്കുന്നു.

'മുത്തുകൾക്ക് പേരുകേട്ട ഒരു രാജ്യമായ' ഇന്ത്യയിൽ നിന്ന് അപ്പസ്തോലനായ തോമസിന്റെ തിരുശേഷിപ്പ് ലഭിച്ചതിന് എഫ്രേം എദേസ്സയെ പ്രശംസിക്കുന്നത് കാണാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എദേസ്സ ഇപ്പോൾ ഈ മുത്ത് സ്വന്തമാക്കിയിരിക്കുന്നു. അപ്പസ്തോലന്റെ ഇന്ത്യയിലെ ദൗത്യവും മരണവും തന്റെ മാത്രം വിശ്വാസത്തിന്റെ ഭാഗമല്ലെന്നും സഭയുടെ മുഴുവൻ വിശ്വാസമാണെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ആ വിശ്വാസം മുഴുവനുമാണ് ഈ സ്തുതിഗീതങ്ങളിൽ കാണപ്പെടുന്നത്. അതുകൊണ്ടാണ് ഇവയെ സുറിയാനി സഭയുടെ ആരാധനാക്രമത്തിൽ പള്ളികളിൽ ആലപിക്കുന്നതിനു വേണ്ടി ഉപയോഗപ്പെടുത്തുന്നത്. ഇവ തോമാശ്ലീഹായുടെ ഇന്ത്യൻ ദൗത്യത്തിന് ശക്തമായ പിന്തുണ നൽകുന്നു. ■

16-ാം പേജ് തുടർച്ച



ത്തിയ ശേഷം മൂന്നാമത്തെ പരിശോധകന് കൈമാറും. മൂന്നാമത്തെ സൂക്ഷ്മപരിശോധകനായ കർദിനാൾ എല്ലാവർക്കും കേൾക്കാവുന്ന വിധത്തിൽ ആ പേര് ഉറക്കെ വായിക്കുന്നതോടെ വോട്ട് രേഖപ്പെടുത്തപ്പെട്ട് കഴിഞ്ഞു. ഉറക്കെ വായിച്ചതിന് ശേഷം ബാലറ്റ് പേപ്പറിലെ Eligo (I elect) എന്ന വാക്കിനുള്ളിലൂടെ സൂചിയുപയോഗിച്ച് ഒരു നൂലിൽ കോർത്തിടുന്നു.

കോൺക്ലേവിന്റെ ആദ്യ നാല് ദിവസങ്ങളിൽ ഒരു ദിവസം നാല് വോട്ടുകൾ വരെ (രാവിലെ രണ്ട്, ഉച്ചകഴിഞ്ഞ് രണ്ട്) നടത്താം. നാലുദിവസവും തിരഞ്ഞെടുപ്പ് നടക്കുന്നില്ലായെങ്കിൽ അഞ്ചാം ദിവസം, പ്രാർഥന, നിശബ്ദമായ ധ്യാനം, അനൗപചാരിക ചർച്ച എന്നിവയ്ക്കായി സമയം അനുവദിക്കുകയും വോട്ടെടുപ്പ് താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്യുന്നു.

വോട്ടെടുപ്പ് ഒരു ദിവസത്തിനുള്ളിൽ പുനരാരംഭിക്കുകയും അടുത്ത മറ്റൊരു ഇടവേളയ്ക്ക് മുമ്പ് ഏഴ് റൗണ്ടുകൾ കൂടി തുടരുകയും ചെയ്യുന്നു. എന്നിട്ടും സ്തംഭനാവസ്ഥ തുടരുകയാണെങ്കിൽ ഏറ്റവുമവസാനത്തെ ബാലറ്റിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച രണ്ട് സ്ഥാനാർത്ഥിക്ക് മാത്രമായി വോട്ടുചെയ്യാൻ തീരുമാനമാകും. പ്രസ്തുത വോട്ടെടുപ്പിൽ കേവലഭൂരിപക്ഷം ലഭിക്കുന്ന വ്യക്തി മാർപാപ്പയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യും.

### 6. പുക നല്കുന്ന അടയാളങ്ങൾ

ചാപ്പലിന് പുറത്തുള്ളവർക്ക്, വോട്ടെടുപ്പ് എങ്ങനെ പോകുന്നു എന്നതിന്റെ ഏക സൂചന ബാലറ്റുകൾ കത്തിക്കുമ്പോൾ സിസ്റ്റൈൻ ചാപ്പലിന്റെ ചിമ്മിനിയിലൂടെ വരുന്ന പുകയാണ്. ഇത് ഓരോ സെഷനു ശേഷവും സംഭവിക്കും. കർദിനാൾമാർ ഒരു പുതിയ പോപ്പിനെ തിരഞ്ഞെടുത്തുവെന്ന് സൂചിപ്പിക്കാൻ പുക ഉപയോഗിക്കുന്ന രീതി 1800കൾ മുതലാണ് നിലവിലുള്ളതാണ്. ചാപ്പലിൽ നിന്ന് നിന്ന് പുറത്ത് വരുന്ന പുക കറുത്തതാണെങ്കിൽ ആരെയും തിരഞ്ഞെടുത്തിട്ടില്ലായെന്നും വെളുത്തതാണെങ്കിൽ പുതിയ പോപ്പ് തിരഞ്ഞെടുക്കപ്പെട്ടു എന്നുമാണ് അർഥമാക്കുന്നത്. ബാലറ്റുപേപ്പറുകൾ കത്തിക്കുന്നതിനോടൊപ്പം കെമിക്കലുകൾ കൂട്ടിക്കലർത്തിയാണ് പുക കറുപ്പിക്കുകയോ വെളുപ്പിക്കുകയോ ചെയ്യുന്നത്.

### 7. നമുക്കൊരു പാപ്പയെ ലഭിച്ചിരിക്കുന്നു

വോട്ടെടുപ്പ് വിജയകരമായി ഒരു മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ടാൽ കർദിനാൾമാരുടെ കോളേജിന്റെ ഡീൻ, അല്ലെങ്കിൽ ഏറ്റവും മുതിർന്ന കർദിനാൾ തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥിയോട് തന്റെ ഈ തിരഞ്ഞെടുപ്പ് അംഗീകരിക്കുന്നുണ്ടോ എന്നും അംഗീകരിക്കുന്നുവെങ്കിൽ ഏത് പേപ്പൽ നാമം സ്വീകരിക്കാൻ ആഗ്രഹിക്കുന്നുവെന്നും ചോദിക്കും. തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട പോപ്പ് സിസ്റ്റൈൻ ചാപ്പലിനടുത്തുള്ള ഒരു ചെറിയ മുറിയായ കണ്ണീരിന്റെ മുറിയിൽ (the Room of Tears) പ്രവേശിച്ച് പരമ്പരാഗത പേപ്പൽ വസ്ത്രങ്ങൾ ധരിക്കുന്നു. ഏതൊരാൾ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടാലും ധരിക്കാൻ കഴിയുന്ന വിധത്തിൽ മൂന്ന് അളവുകളിലുള്ള വസ്ത്രങ്ങൾ മുറിയിൽ മുൻകൂട്ടി ഒരുക്കി വെച്ചിട്ടുണ്ടാകും.

പേപ്പൽ വസ്ത്രങ്ങൾ ധരിച്ച് അദ്ദേഹം മടങ്ങിയെത്തുമ്പോൾ, സുവിശേഷങ്ങളിൽ നിന്നുള്ള ഒരു ഭാഗം ഉച്ചത്തിൽ വായിക്കുകയും ഒരു പ്രാർഥന നടത്തുകയും, കർദിനാൾമാർ പുതിയ മാർപാപ്പയോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്യും.

അതേസമയം, കർദിനാൾ കോളേജിലെ കർദിനാൾ പ്രോട്ടോഡീക്കൺ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ട് ലാറ്റിൻ ഭാഷയിൽ 'ഞാൻ നിങ്ങളെ ഒരു വലിയ സന്തോഷം അറിയിക്കുന്നു; നമുക്ക് ഒരു പോപ്പിനെ ലഭിച്ചിരിക്കുന്നു' ('Annuntio vobis gaudium magnum; Habemus Papam!') എന്ന ലോകം കാത്തിരിക്കുന്ന പ്രഖ്യാപനം നടത്തും.

### 8. നഗരത്തിനും ലോകത്തിനും

താമസിയാതെ, പുതിയ പാപ്പ ചുവന്ന മൂടുശീലകൾ കൊണ്ട് ഫ്രെയിം ചെയ്ത ബാൽക്കണിയിലേക്ക് കാലെടുത്തുവച്ച്, "Urbi et Orbi' ('നഗരത്തിനും ലോകത്തിനും') എന്നറിയപ്പെടുന്ന തന്റെ ആദ്യത്തെ അപ്പസ്തോലിക ആശീർവാദം നൽകുന്നു.

ഇതോടെ കോൺക്ലേവിന്റെ സങ്കീർണ്ണമായ പ്രക്രിയ അവസാനിക്കുന്നു. വരും ദിവസങ്ങളിൽ പുതിയ പാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ സാധാരണയായി നടക്കുന്ന സ്ഥാനാരോഹണ കുർബാനയിൽ പങ്കെടുക്കുകയും കത്തോലിക്കാ സഭയുടെ തലവനായി ചുമതലകൾ ഏറ്റെടുക്കുകയും ചെയ്യും. ■




# കരുത്തറിയിച്ച് ക്രൈസ്തവ സമുദായ അവകാശ പ്രഖ്യാപനറാലി: അണിനിരന്നത് പതിനായിരങ്ങൾ



കോഴിക്കോട് : കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ സംഘടിപ്പിച്ച ക്രൈസ്തവ സമുദായ അവകാശ പ്രഖ്യാപന റാലി നഗരത്തെ പ്രകമ്പനംകൊള്ളിച്ചു. വിവിധ ഇടവകകളിൽ നിന്നായി പതിനായിരങ്ങൾ പങ്കെടുത്തു. ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച റാലി കിലോമീറ്ററുകളോളം ദൈർഘ്യമുള്ള ജനസാഗരമായിരുന്നു. പൊതുസമ്മേളനം നടന്ന മുതലക്കുളം മൈതാനിയിലെ മോൺ. ആന്റണി കൊഴുവനാൽ നഗർ തിങ്ങിനിറഞ്ഞ് ജനപങ്കാളിത്തം ക്രൈസ്തവ ഐക്യത്തിന്റെ അടയാളമായി. പ്രീണന രാഷ്ട്രീയത്തിനും സർക്കാർ അവഗണനയ്ക്കും നീതി നിഷേധത്തിനുമെതിരെ സമുദായം ഒറ്റക്കെട്ടായി പോരാടുമെന്ന് പൊതുസമ്മേളനത്തിൽ നേതാക്കൾ ഒരേ സ്വരത്തോടെ പറഞ്ഞു

ക്രൈസ്തവ സമുദായം ആരുടെയും ഫിക്സഡ് ഡിപ്പോസിറ്റല്ലെന്നും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് തീറെഴുതി കൊടുക്കപ്പെട്ട സമുദായമല്ല ക്രൈസ്തവ സമുദായമെന്നും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത തലശേരി അതിരൂപത ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. 'സഭ വസ്തുതകൾ കൃത്യമായി മനസിലാക്കിയാണ് പ്രതികരണങ്ങൾ അറിയിക്കുന്നത്. വഖഫ് വിഷയത്തെ സാമൂഹിക നീതിയുടെ വിഷയമായിട്ടാണ് കാണുന്നത്. സകല പൗരന്മാരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന നിലപാടാണ് കത്തോലിക്കാ സഭയ്ക്കുള്ളത്. ജെ. ബി. കോശി റിപ്പോർട്ട് പുറത്തുവിടാനുള്ള ഇച്ഛാശക്തി പിണറായി സർക്കാർ കാണിക്കണം. വനത്തിൽ നിന്നും കൃഷി ഭൂമിയിലേക്ക് ഇറങ്ങുന്ന പന്നികളെ വളർത്തു പന്നികളെപ്പോലെ ഞങ്ങൾ കൈകാര്യം ചെയ്യും. വനപാലകർ ചട്ടി പരിശോധിക്കാനായി വീടുകളിൽ കയറാൻ വന്നാൽ വന്യജീവി പ്രതിരോധ സേന രൂപീകരിച്ച് പ്രതിരോധിക്കും. അതിന് ആരുടെയും സമ്മതം ആവശ്യമില്ല." ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കേരള സർക്കാരിനോടൊപ്പമാണെന്നും മാർ പാംപ്ലാനി വ്യക്തമാക്കി.

ആരോ പറയുന്ന നിയമങ്ങളിൽ ഒപ്പു വയ്ക്കുക മാത്രമാണ് വനം വകുപ്പു മന്ത്രി ചെയ്യുന്നതെന്നും കർഷകരുടെ പ്രശ്നങ്ങൾ കണ്ടു മനസിലാക്കാനുള്ള കാഴ്ച മന്ത്രിയുടെ കണ്ണുകൾക്കില്ലെന്നും വനം മന്ത്രി രാജിവയ്ക്കണമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹ പ്രഭാഷണത്തിൽ പറഞ്ഞു. വന്യമൃഗശല്യം ശക്തമായി പ്രതിരോധിക്കണം. ഈ സമ്മേളനം വനപാലകർക്കുള്ള താക്കീതാണ്. കുടിയേറ്റ പൂർവികർ വന്യമൃഗങ്ങളോടു പോരാടിയാണ് ഈ നാടിനെ നിർമിച്ചത്. അതുപോലെ വന്യമൃഗങ്ങളെ നേരിടാൻ മലയോര ജനതയ്ക്ക് അറിയാം. ബിഷപ് പറഞ്ഞു. കർഷകരെ തകർത്ത അസിയാൻ കരാർ തിരുത്താൻ അധികാരികൾ ആർജ്ജവം കാട്ടണം. ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് എന്തുകൊണ്ട് പൂഴ്ത്തിവയ്ക്കുന്നുവെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. ബിഷപ് ആവശ്യപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. സബിൻ തൂമ്മുള്ളി അവകാശ പ്രഖ്യാപനം നടത്തി. 19 ഇന അവകാശ പത്രിക കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിലിന് കൈമാറി.മോൺ. അബ്രഹാം വയലിൽ, ഡോ. ചാക്കോ കാളംപറമ്പിൽ, ഡോ. പ്രകാശ് തോമസ്, ജോർജ് കോയിക്കൽ, ബെന്നി ലൂക്കോസ്, അൽഫോൻസ മാത്യു, ജോസുകുട്ടി ഒഴുകയിൽ, ഷാജി കണ്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

## മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

**മാർച്ച് 26 മുതൽ ഏപ്രിൽ 26 വരെ**

**മാർച്ച്**

- **30 ഞായർ :** യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കതോലിക്കായായി അഭിഷിക്തനായ അഭിവന്ദ്യ മോർ ബസേലിയോസ് ജോസഫ് തിരുമേനിയുടെ പുത്തൻകുരിശ് പാത്രിയാർക്ക സെന്ററിൽ നടന്ന ശുശ്രൂഷയുടെ സമാപനഭാഗത്തിൽ പങ്കെടുക്കുകയും ആശംസകൾ നേരുകയുംചെയ്തു.

**ഏപ്രിൽ**

- **05 ശനി :** പാരീസിൽനിന്നുള്ള ലൗർ ഓറിയന്റ് സംഘടനയുടെ ഭാരവാഹികളായ മോൺ. പാസ്കൽ ഗോൾ നിഷിനേയും മറ്റ് പ്രതിനിധികളെയും മൗണ്ട് സെന്റ് തോമസിൽ സ്വീകരിക്കുകയും അവരുമായി കൂടിക്കാഴ്ച നടത്തുകയും അവർക്കായി അത്താഴ വിരുന്നു നല്കുകയും ചെയ്തു.
- **06 ഞായർ :** തൃശൂർ അതിരൂപതയിൽ നടന്ന പാലയൂർ തീർഥാടനത്തിൽ പങ്കെടുക്കുകയും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- **10 വ്യാഴം :** മെത്രാഭിഷേകത്തിന്റെ പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ചു മൗണ്ട് സെന്റ് തോമസിൽ വി.കുർബാനയർപ്പിച്ചു.
- **11 വെള്ളി :** നാല്പതാംവെള്ളിയാചരണത്തോടനുബന്ധിച്ചു കുടമാളൂർ മേജർ ആർക്കിഎപ്പിസ്കോപ്പൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.
- **13 ഞായർ :** എറണാകുളം-അങ്കമാലി അതിരൂപതയിലെ തോപ്പിൽ ക്യൂൻമേരി ഇടവകയിൽ ഓശാനയുടെ തിരുകർമ്മങ്ങൾ നടത്തി വി.കുർബാനയർപ്പിച്ചു.
- **17 വ്യാഴം :** എറണാകുളം-അങ്കമാലി അതിരൂപതയിലെ കാക്കനാട് സെന്റ് ഫ്രാൻസിസ് അസീസി ദൈവാലയത്തിൽ പെസഹാ വ്യാഴത്തിന്റെ തിരുകർമ്മങ്ങൾ നടത്തി വി.കുർബാനയർപ്പിച്ചു.
- **18 വെള്ളി :** ദുഃഖവെള്ളിയുടെ തിരുക്കർമങ്ങൾക്കു എറണാകുളം-അങ്കമാലി അതിരൂപതയിലെ കോലഞ്ചേരി മേരി ക്യൂൻസ് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.
- **19 ശനി :** മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ വലിയശനിയുടെ തിരുകർമ്മങ്ങൾ നടത്തി വി. കുർബാനയർപ്പിച്ചു.
- **20 ഞായർ :** ഉയിർപ്പിന്റെ തിരുക്കർമ്മങ്ങളും വി.കുർബാനയും എറണാകുളം-അങ്കമാലി അതിരൂപതയിലെ തിരുവാങ്കുളം സെന്റ് ജോർജ്ജ് ഇടവക ദൈവാലയത്തിൽ ആഘോഷമായി നടത്തി.
- **21 തിങ്കൾ :** പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ കാലംചെയ്തു. പരി. പിതാവിനുവേണ്ടി പ്രത്യേക പ്രാർഥനകൾ മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ നടത്തി.
- **22 ചൊവ്വ :** കാലംചെയ്ത പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായ്ക്കുവേണ്ടി മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ നടന്ന സമൂഹബലിയിൽ കാർമികത്വംവഹിക്കുകയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകൾ നടത്തുകയുംചെയ്തു.
- **23 ബുധൻ :** പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു റോമിലേക്കു പോയി.
- **24 വ്യാഴം :** വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പൊതുദർശനത്തിനു വച്ചിരിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ ഭൗതികദേഹം സന്ദർശിച്ചു പ്രാർഥിച്ചു.
- **26 ശനി :** വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുൻഭാഗത്തുനടന്ന പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ കബറടക്കശുശ്രൂഷകളിലും വി. കുർബാനയിലും സഹകാർമികനായിരുന്നു. കബറടക്കശുശ്രൂഷകൾക്കിടയിൽ പൗരസ്ത്യ സഭാതലവന്മാരോടൊത്ത് പ്രത്യേക പ്രാർഥനകൾ നടത്തി.

# വിശുദ്ധകുർബാനയ്ക്ക് എതിരേ സംഭവിച്ച അവഹേളനങ്ങൾക്കു പരിഹാരമായി കോതമംഗലം രൂപതയിൽ ദിവ്യകാരുണ്യ പ്രയാണം

കോതമംഗലം രൂപതയുടെ ചരിത്രത്തിൽ ആദ്യമായി വിശുദ്ധ കുർബാനയ്ക്ക് എതിരെ സംഭവിച്ചിട്ടുള്ള അവഹേളനങ്ങൾക്ക് പരിഹാരമായും തിന്മയുടെ സ്വാധീനങ്ങൾക്കെതിരെയുള്ള ശക്തമായ ആത്മീയ പ്രതിരോധമായും രൂപതയിൽ ഉടനീളം ദിവ്യകാരുണ്യപ്രയാണം നടന്നു. രൂപതയിലെ 14 ഫൊറോനകളിൽ 14 ദിവസങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ദിവ്യകാരുണ്യപ്രയാണം മാർച്ച് 27-ന് കരിമണ്ണൂർ ഫൊറോനയിലെ ഉപ്പുകുന്ന് സെന്റ്. അൽഫോൻസാ ദേവാലയത്തിൽ പരിശുദ്ധ കുർബാനയോട് കൂടി ആരംഭിച്ചു. രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പരിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഏപ്രിൽ 11-ന് കോതമംഗലം കത്തീഡ്രൽ പള്ളിയിൽ ദിവ്യകാരുണ്യപ്രയാണം സമാപിച്ചു. ഒരു ദിവസം ഒരു ഫൊറോന എന്ന രീതിയിൽ രൂപതയിലെ 110 ഇടവകകളിലും വിശുദ്ധ കുർബാന എത്തിച്ചേരുന്ന രീതിയിലാണ് പ്രയാണം ക്രമീകരിച്ചത്. ഓരോ ദിവസവും വൈകുന്നേരം ഫൊറോനാ പള്ളിയിൽ എത്തുന്ന പ്രയാണം അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. രൂപതയിലെ മുഴുവൻ വൈദികരും സന്യസ്തരും അല്മായരും പങ്കുചേർന്നു. രൂപതയിലെ മുഴുവൻ ഭക്ത സംഘടനകളുടെയും സന്യാസ ഭവനങ്ങളുടെയും സഹകരണവുമുണ്ടായിരുന്നു.



# തൊമ്മൻകുത്ത് സെന്റ് തോമസ്പള്ളിയുടെ കുരിശ് പുന:സ്ഥാപിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണം; സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ

കാക്കനാട്: തൊമ്മൻകുത്ത് സെന്റ് തോമസ്പള്ളിയുടെ കുരിശ് പുന:സ്ഥാപിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്ന് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ. നാരങ്ങാനത്തെ കൈവശസ്ഥലത്ത് സ്ഥാപിച്ച കുരിശ് വനപാലകർ പൊളിച്ചുമാറ്റിയ നടപടി നിയമവിരുദ്ധവും ക്രൈസ്തവ വിശ്വാസത്തോടുള്ള അവഹേളനവും മതസ്വാതന്ത്ര്യത്തിന്റെ ലംഘനവുമാണ്. കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ കൈവശഭൂമികളിൽ ജീവിക്കുന്നുണ്ട്. അവിടെ വീടുകളും വിവിധ മതസ്ഥരുടെ ആരാധനാലയങ്ങളും മറ്റു സ്ഥാപനങ്ങളും നിലനിൽക്കുന്നുണ്ട്. തൊമ്മൻകുത്ത് മേഖലയിൽ പതിറ്റാണ്ടുകളായി ആളുകൾ കൈവശഭൂമിയിൽ താമസിച്ചുവരുന്നു. അപ്രകാരം ഇടവകക്കാർക്ക് ആറു പതിറ്റാണ്ടായി കൈവശാവകാശമുള്ളതും ഇ.എം.എസ്. ഭവനപദ്ധതി ഉൾപ്പെടെ നിർമാണങ്ങൾ ഉള്ളതുമായ പ്രദേശത്ത് വനംവകുപ്പ് ജണ്ടയ്ക്ക് 750 മീറ്റർ അകലത്തിൽ ഇടവക സ്ഥാപിച്ച കുരിശാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ മതവികാരം വ്രണപ്പെടുത്തിക്കൊണ്ട് പൊളിച്ചുകളഞ്ഞിരിക്കുന്നത്. ഇത് വിശ്വാസികളോടുള്ള വെല്ലുവിളിയും അങ്ങേയറ്റം പ്രതിഷേധാർഹമായ കടന്നുകയറ്റവുമാണ്.

2023 ഓഗസ്റ്റ് 4 മുതൽ പ്രാബല്യത്തിലുള്ള Forest Conservation Amendment Act 2023 എന്ന കേന്ദ്ര നിയമത്തിന്റെ ഗുരുതരലംഘനമാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ നടത്തിയിരിക്കുന്നത് പ്രസ്തുത നിയമഭേദഗതി അടിസ്ഥാനമാക്കി പരിശോധിച്ചാൽ തൊമ്മൻകുത്ത് ഉൾപ്പെടെയുള്ള മേഖലയിലെ കൈവശഭൂമികൾ വനത്തിന്റെ നിർവചനത്തിൽ നിന്നും സ്വതന്ത്രമാണ്. നിയമപ്രകാരം ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം. സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വ്യക്തമാക്കി.

# ഷംഷാബാദ് രൂപതയിലെ ഇറ്റാവ റീജിയൻ മിഷൻ സുവർണ ജൂബിലി ആഘോഷിച്ചു



ഉത്തരേന്ത്യയിലെ മിഷൻ പ്രവർത്തനരംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവച്ച ഇറ്റാവാ മിഷന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. ജൂബിലിസമാപനത്തോട് അനുബന്ധിച്ചു അർപ്പിച്ച വിശുദ്ധ കുർബാനയ്ക്ക് ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ പ്രിൻസ് പാണേങ്ങാടൻ, ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ മുഖ്യകാർമ്മികനായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാ മുൻ അധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം, ആഗ്ര അതിരൂപതയുടെ മുൻ അധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ആൽബർട്ട് ഡിസൂസ, ഷംഷാബാദ് സഹായ മെത്രാൻ മാർ തോമസ് പാടിയത്ത്, ഗോരക്പൂർ രൂപതാധ്യക്ഷൻ മാർ മാത്യൂ നെല്ലിക്കുന്നേൽ സി എസ് ടി, ജഗദൽപൂർ രൂപതാധ്യക്ഷൻ മാർ ജോസഫ് കൊല്ലംപറമ്പിൽ സിഎംഐ, ഉജ്ജയിൻ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വടക്കേൽ എംഎസ്ടി, ഫരീദാബാദ് രൂപതാധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണികുളങ്ങര, ജയ്പൂർ രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കല്ലറക്കൽ, മീററ്റ് രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ഭാസ്കർ യേസുരാജ്, ലക്നൗ രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ജെറാൾഡ് ജോൺ മത്തിയാസ്, ജാൻസി രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. വിൽഫ്രഡ് മോറസ് എന്നിവരും നൂറിലധികം വൈദികരും സഹകാർമികരായിരുന്നു. ആഗ്ര അതിരൂപതാ മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. റാഫി മഞ്ഞളി വചനസന്ദേശം നല്കി.

മിഷനിലുള്ള 13 കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണം നടത്തി. ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കായി മാർ ജോസഫ് കൊല്ലംപറമ്പിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഒപ്പീസ് പ്രാർത്ഥന നടത്തി,

ഷംഷാബാദ് രൂപതയുടെ സഹായമെത്രാനും ഇറ്റാവാ രാജസ്ഥാൻ റീജിയണിന്റെ പ്രത്യേക ചുമതലയുമുള്ള മാർ തോമസ് പാടിയത്ത് ജൂബിലി സമാപന സമ്മേളനത്തിന് സ്വാഗതം നേർന്നു. ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ പ്രിൻസ് പാണേങ്ങാടൻ അധ്യക്ഷത വഹിച്ചു. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. മാർ തോമസ് തറയിൽ, മോസ്റ്റ് റവ. ഡോ. റാഫി മഞ്ഞളി, മോസ്റ്റ് റവ. ഡോ. ആൽബർട്ട് ഡിസൂസ, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ പ്രിൻസ് പാണേങ്ങാടൻ, മാർ തോമസ് പാടിയത്ത്, ബ്രഹ്മാനന്ദ് കട്ടേരിയ PCS (SDM), സി. പവിത്ര സിഎംസി, സി. റെജിസ് സി എം സി, ലൗലി, റോമൻ എന്നിവരും തിരി തെളിച്ചു.

സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ വീഡിയോ കോൺഫ്രൻസിലൂടെ സദസിനെ അഭിസംബോധനചെയ്ത് സംസാരിച്ചു. ആഗ്ര അതിരൂപതയുടെ മുൻ അധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ആൽബർട്ട് ഡിസൂസ, മാർ സെബാസ്റ്റ്യൻ വടക്കേൽ MST, ബ്രഹ്മാനന്ദ് കട്ടേരിയ PCS (SDM), സി. പവിത്ര സിഎംസി എന്നിവർ ആശംസകൾ നേർന്നു. പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന മിഷനറിമാരായ ഫാ. ജിജു കുളത്തിങ്കൽ, ഫാ. ജിയോ ചേക്കാ ത്തടത്തിൽ, ഫാ. ബിനോയി പാറയ്ക്കൽ എന്നിവരെയും സന്യാസസമർപ്പണ ജീവിതത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന സി. ജെസ്സി വർഗ്ഗീസ് SJSM, സി. നവ്യ തോപ്പിലാൻ SJSM, സി. ആൻസിൻ SH, സി. ലിസ് SH, സി. ജിൻസി CMC എന്നിവരെയും വിവാഹ ജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയ ദമ്പതികളെയും മെമെന്റോ നൽകി ആദരിച്ചു.

ഫത്തേഗഡ് ഇടവകാംഗങ്ങളുടെ മിഷൻ ചരിത്രത്തിന്റെ ദൃശ്യാവിഷ്കരണവും ഇറ്റാവാ ഇടവകാംഗങ്ങളുടെ നൃത്തച്ചുവടുകളും ഫാ. ഫ്രാൻസീസ് മീനത്തേരിയുടെ നേതൃത്വത്തിൽ നടന്ന സംഗീത വിരുന്നും ആഘോഷങ്ങൾക്ക് ഹൃദ്യത പകർന്നു. മിഷൻ സുപ്പീരിയർ ഫാ. തോമസ് എഴിക്കാട് നന്ദി അറിയിച്ചു.

# ജീവന്റെ സാക്ഷികളും വക്താക്കളുമാണ് കൂടുതൽ മക്കളുള്ള കുടുംബങ്ങൾ: മാർ റെമീജിയോസ് ഇഞ്ചനാനിയിൽ



തിരുവമ്പാടി: ജീവന്റെ സാക്ഷികളും വക്താക്കളുമാണ് കൂടുതൽ മക്കളുള്ള കുടുംബങ്ങളെന്നും അവരെ മുൻപോട്ടു നയിക്കാൻ ആവശ്യമായത് ദൈവം സമയാസമയങ്ങളിൽ നൽകുമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് സമിതി സംഘടിപ്പിച്ച പ്രോലൈഫ് ദിനാഘോഷം 'ജീവോത്സവ് 2K25' തിരുവമ്പാടിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ മക്കളുള്ള കുടുംബങ്ങളുടെ സംഗമമാണ് സംഘടിപ്പിക്കപ്പെട്ടത്.

താമരശ്ശേരി രൂപതയിലെ പ്രോലൈഫിന്റെ ഒന്നര ദശാബ്ദ കാലത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി 700 ഓളം കുടുംബങ്ങൾ നാലും അതിൽ കൂടുതൽ മക്കളുള്ള വലിയ കുടുംബങ്ങളാണ്. സമ്മേളനത്തിനു മരിയൻ പ്രോലൈഫ് രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. താമരശേരി രൂപതയുടെ റൂബി ജൂബിലിയുടെ ഭാഗമായി പ്രോലൈഫ് സമിതി തയ്യാറാക്കിയ 'കുഞ്ഞേ നിനക്കായ്' പദ്ധതിയുടെ ഉദ്ഘാടനം ബിഷപ് നിർവഹിച്ചു. ഫാ. തോമസ് നാഗപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. തോമസ് വി. മേക്കാട്ട്, ഡോ. ഫിലോമിന മാത്യു, ഡോ. ബീന സിഎംസി, അമ്പിളി മാത്യു എന്നിവരെ ആദരിച്ചു. ഏഴു മക്കളുടെ പിതാവായ ദേവഗിരി ഇടവകാംഗം ജെയ്സൺ ജോണിനെയും കുടുംബത്തെയും നാലു മക്കളിൽ കൂടുതലുള്ള ഏറ്റവും പ്രായം കുറഞ്ഞ മാതാപിതാക്കളെയും വലിയ കുടുംബങ്ങളിൽ നിന്ന് വൈദിക, സന്യസ്ത വിളികൾ സ്വീകരിച്ചവരെയും അനുമോദിച്ചു. ഫാ. ജേക്കബ് തിട്ടയിൽ, സി. റീന ടോം എസ്,എച്ച്, സി. പവിത്ര സിഎംസി, സി. കാർമലേറ്റ എംഎസ്, സിമിലി അറക്കപ്പറമ്പിൽ, ടോമി പ്ലാത്തോട്ടം എന്നിവർ പ്രസംഗിച്ചു.

# വിശുദ്ധവാര കർമങ്ങൾ

**മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയിലെ വിവിധ ഇടവകകളിൽ നടത്തിയ വിശുദ്ധവാര തിരുക്കർമങ്ങളുടെ ദൃശ്യങ്ങൾ**



ഓശാനഞായർ: തോപ്പിൽ സെന്റ് മേരി ക്വീൻ ദൈവാലയം



പെസഹാ: കാക്കനാട് സെന്റ് ഫ്രാൻസിസ് അസീസി ഇടവകദൈവാലയം



ദു:ഖവെള്ളി: കോലഞ്ചേരി ക്വീൻമേരി ഇടവകദൈവാലയം



ദു:ഖശനി: കാക്കനാട് മൗണ്ട് സെന്റ് തോമസ് ചാപ്പൽ



ഈസ്റ്റർ: തിരുവാങ്കുളം സെന്റ് ജോർജ് ഇടവകദൈവാലയം



പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കായി സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധകുർബാനയും ഒപ്പീസും അർപ്പിക്കുന്നു.

# കാഞ്ഞിരപ്പള്ളി രൂപത

"ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും"

ചങ്ങനാശ്ശേരി അതിരൂപതയുടെ കിഴക്കൻ മേഖലയെ വിഭജിച്ച് 1977–ൽ കാഞ്ഞിരപ്പള്ളി രൂപത രൂപീകൃതമായി. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായാണ് കാഞ്ഞിരപ്പള്ളി രൂപത വ്യാപിച്ചിരിക്കുന്നത്. മൂന്നു ജില്ലകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന രൂപതക്ക് 1980 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്.

## അഭിവന്ദ്യ പിതാക്കന്മാർ


മാർ ജോസഫ് പൗവ്വത്തിൽ (1977-1986)


മാർ മാത്യു വട്ടക്കുഴി (1986-2001)


മാർ മാത്യു അറയ്ക്കൽ (2001-2020)


മാർ ജോസ് പുളിക്കൽ (2020-)


വെരി റവ. ഫാ. ജോസഫ് വെള്ളമറ്റം
(പ്രോട്ടോ സിഞ്ചെല്ലൂസ്)
ഇടവകകളുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായ വിശ്വാസികളുടെയും ചുമതല


വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ
(സിഞ്ചെല്ലൂസ്)
വിവിധ അജപാലന ശുശ്രൂഷകളുടെയും വിദ്യാഭ്യാസമേഖലയിലുള്ള സാമൂഹ്യ സേവന സംവിധാനങ്ങളുടെയും ചുമതല



വെരി റവ. ഫാ. മാത്യു ശൗര്യാംകുഴി
(ചാൻസലർ)

## കാഞ്ഞിരപ്പള്ളി രൂപത
### ജീവകാരുണ്യ ആതുരസേവന സാമൂഹ്യമേഖലയിൽ

| | |
|---|---|
| നിർദ്ധനരായ കുട്ടികൾക്കായുള്ള ഹോസ്റ്റലുകൾ / ഓർഫനേജുകൾ | 20 |
| മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള ഭവനങ്ങൾ | 6 |
| നിരാലംബരായ മുതിർന്നവർക്കുള്ള ഭവനങ്ങൾ | 11 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഭവനങ്ങൾ | 4 |
| സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്ററുകൾ | 12 |
| പാലിയേറ്റീവ് കെയർ സെന്ററുകൾ | 3 |
| സ്പെഷ്യൽ സ്കൂളുകൾ | 6 |
| നേഴ്സറി സ്കൂളുകൾ | 131 |
| ഡേ കെയർ | 3 |
| ആശുപത്രികൾ | 11 |
| ഡിസ്പെൻസറികൾ | 6 |

## കാഞ്ഞിരപ്പള്ളി രൂപത
### പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| ഇടവകവൈദികർ | 310 |
| അല്മായർ | 173616 |
| കുടുംബങ്ങൾ | 38635 |
| ഫൊറോന | 13 |
| ഇടവകകൾ | 148 |
| കൂട്ടായ്മകൾ | 2187 |
| സന്യാസവൈദികർ | 131 |
| സന്യസ്തർ | 1657 |


മദ്ധ്യസ്ഥ
പരിശുദ്ധ കന്യകാമറിയം



**ജീവകാരുണ്യസ്ഥാപനങ്ങൾ**
വി കെയർ സെന്ററിന്റെ നേതൃത്വത്തിൽ ആലംബഹീനർ, രോഗികൾ, ഭിന്നശേഷിക്കാർ, മാനസികരോഗികൾ എന്നിവർക്കായുള്ള ആശ്രയകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കപ്പെടുന്നു. കാഞ്ഞിരപ്പള്ളി ബേത്ലഹേം ഉൾപ്പെടെയുള്ള ഭവനങ്ങൾ മാനസികരോഗികളുടെ പുനരധിവാസത്തിന് സഹായിക്കുന്നു.



**ലഹരി വിമോചനം**
സമൂഹത്തിന്റെ സമാധാന ജീവിതത്തെ തകർക്കുന്ന മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവത്ക്കരണത്തിനും അതിലകപ്പെട്ടു പോയവരുടെ ചികിത്സക്കും പുനരധിവാസത്തിനുമായി രൂപതയുടെ നേതൃത്വത്തിൽ തമ്പലക്കാട് പെനുവേൽ എമ്മാനുവേൽ ആശ്രമം പ്രവർത്തിക്കുന്നു. വിവിധ പ്രതിസന്ധികളിലകപ്പെട്ടവരെ സഹായിക്കുന്ന കൗൺസിലിംഗ് സൗകര്യങ്ങളും രൂപത ലഭ്യമാക്കുന്നു.



**ജീവൻ ദശാംശം**
ആദിമ ക്രൈസ്തവചൈതന്യമായ പങ്കുവയ്ക്കൽ (ശ്ലീഹ. നടപടി 2 : 44 - 45) ജീവൻ പദ്ധതി എന്ന പേരിൽ ഇടവകകളിലൂടെ നടപ്പാക്കുന്നു. ഓരോ വർഷത്തെയും സമാഹരണം വിവിധ ഇടവകകൾക്കു ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിതരണം ചെയ്തുവരുന്നു. ഒന്നര പതിറ്റാണ്ടിനുള്ളിൽ ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ വലിയ സഹായം എത്തിക്കാൻ ദശാംശം പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ സഹായത്തിനായി സമൃദ്ധി സഹായപദ്ധതിയും നിലവിലുണ്ട്.




**ദർശകൻ**
കാഞ്ഞിരപ്പള്ളി രൂപതയുടെ മുഖപത്രമായി വർത്തിച്ച് വിശ്വാസപരവും സാമൂഹികവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പത്രം എല്ലാ മാസവും വീടുകളിലെത്തുന്നു.

## സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ്

വിദ്യാഭ്യാസം എത്തിക്കുകയെന്ന സഭയുടെ ദൗത്യം നിസ്വാർത്ഥമായി ചെയ്തുവരുന്നു. സ്കൂളുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ഇടവകകളിൽ നിന്നുള്ള സാമ്പത്തികസഹായത്തിന് പുറമേ രൂപതാതലത്തിലും വിദ്യാഭ്യാസപ്രവർത്തനങ്ങളെ സഹായിക്കുന്നു. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, സർക്കാർ ശമ്പളം ലഭിച്ചു തുടങ്ങാത്ത അദ്ധ്യാപകർക്കുള്ള ശമ്പള സഹായ പദ്ധതികൾ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ ചെയ്തു വരുന്നു. വിശ്വാസി സമൂഹത്തിന്റെ സാമ്പത്തിക പിന്തുണ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്. ഹയർസെക്കണ്ടറി, ഹൈസ്കൂൾ ഉൾപ്പെടെ 134 സ്കൂളുകൾ രൂപതയിൽ പ്രവർത്തിക്കുന്നു.






## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളും

മരിയൻ കോളേജ് കുട്ടിക്കാനം, കൂവപ്പള്ളി അമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ്, റാന്നി സിറ്റാഡൽ റെസിഡൻഷ്യൽ സ്കൂൾ, ഇളങ്ങോയി ഹോളിഫാമിലി സ്കൂൾ എന്നിവ രൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടവകകളുടെ നേതൃത്വത്തിലും നടത്തപ്പെടുന്നു.



## PDS: (പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി)

സാമൂഹിക കാർഷിക വികസനത്തിനും അസംഘടിത വിഭാഗങ്ങളുടെ ശക്തീകരണത്തിനുമായി പ്രവർത്തിക്കുന്നു. 660 സ്വയം സഹായസംഘങ്ങളിലൂടെയും, 35 കർഷക ഉത്പാദക സംഘങ്ങളിലൂടെയും, 5 ജൈവ കർഷകസംഘങ്ങളിലൂടെയും കേരളത്തിലെ നാനാജാതി മതസ്ഥരായ 28810 കുടുംബങ്ങൾക്ക് വിവിധ സേവനങ്ങൾ നൽകി വരുന്നു.





## MDS: (മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി)

കർഷകരെയും അസംഘടിതവിഭാഗങ്ങളെയും സ്വയം പര്യാപ്തരാക്കുന്നതുവഴി സാമൂഹികവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. 21,000 കർഷകരിൽ നിന്നായി ഒന്നര ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിച്ച് സംസ്കരിച്ച് വിതരണം ചെയ്യുന്നു. കൂടാതെ കർഷകരിൽനിന്ന് തേൻ, കാപ്പിക്കുരു, നാളികേരം മുതലായ കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്തി കർഷകരെ സഹായിക്കുന്നു. ഇതിൽനിന്നു ലഭിക്കുന്ന ലാഭംകൊണ്ട് പാർശ്വവത്കരിക്കപ്പെട്ടവരുടെ ഭവനനിർമാണം, ചികിത്സ, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ സഹായിച്ചുകൊണ്ടും കർഷക ശാക്തീകരണപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ പരിശ്രമിക്കുന്നു.

## അമല പ്രസ്സ്

രൂപതയിൽ പ്രവർത്തിക്കുന്ന അമല പ്രസ്സ് അച്ചടി രംഗത്ത് സമൂഹത്തിന് മുതൽക്കൂട്ടാണ്.

## അമല കമ്യൂണിക്കേഷൻ

1983-മുതൽ നമ്മുടെ സമൂഹത്തിന് ഉചിതമായ ദിശാബോധം നൽകുംവിധം പ്രൊഫഷണൽ നാടകങ്ങൾ, ബൈബിൾ നാടകങ്ങൾ, ഗാനമേളകൾ, കലാ സാഹിത്യ പരിശീലനങ്ങൾ, വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. അമല റെക്കോർഡിംഗ് സ്റ്റുഡിയോയും C30 പ്രൊഡക്ഷൻസും കമ്യൂണിക്കേഷൻ രംഗത്തെ രൂപതയുടെ സാന്നിധ്യത്തിന്റെ ശക്തമായ തെളിവാണ്.




## വിമല ബുക്സ്

ഈടുറ്റ പുസ്തകങ്ങളുടെ പ്രസാധനത്തിനായി വിമല ബുക്സ് പ്രവർത്തിക്കുന്നു. വിമല ബുക്ക്സ്റ്റാളിൽ പുസ്തകങ്ങളും വിമല ബുക്ക്ഹൗസിൽ ഭക്തവസ്തുക്കളും ലഭ്യമാണ്

# കോൺക്ലേവ്

**പത്രോസിന്റെ പിൻഗാമിയും റോമാ രൂപതയുടെ ബിഷപ്പും കത്തോലിക്കാസഭയുടെ തലവനുമായ മാർപാപ്പയെ തിരഞ്ഞെടുക്കുന്നത് വളരെ രഹസ്യമായ ഒരു സമ്മേളനത്തിലൂടെയാണ്. കോൺക്ലേവ് എന്നാണ് കർദിനാൾമാരുടെ പ്രസ്തുത യോഗം അറിയപ്പെടുന്നത്. കോൺക്ലേവ് എന്ന ലത്തീൻ പദത്തിന്റെ അർഥം 'താക്കോലുമായി' (With the Key) എന്നാണ്.**



**റവ. ഫാ. നോബിൾ തോമസ് പാറയ്ക്കൽ**

പത്രോസിന്റെ പിൻഗാമിയും റോമാ രൂപതയുടെ ബിഷപ്പും കത്തോലിക്കാസഭയുടെ തലവനുമായ മാർപാപ്പയെ തിരഞ്ഞെടുക്കുന്നത് വളരെ രഹസ്യമായ ഒരു സമ്മേളനത്തിലൂടെയാണ്. കോൺക്ലേവ് എന്നാണ് കർദിനാൾമാരുടെ പ്രസ്തുത യോഗം അറിയപ്പെടുന്നത്. കോൺക്ലേവ് എന്ന ലത്തീൻ പദത്തിന്റെ അർഥം 'താക്കോലുമായി' (With the Key) എന്നാണ്. റോമാ മാർപാപ്പ കാലം ചെയ്തതിന് ശേഷം കോൺക്ലേവ് ആരംഭിച്ചാൽ സിസ്റ്റൈൻ ചാപ്പൽ പുറത്ത് നിന്ന് പൂട്ടി ഒരു പുതിയ പോപ്പ് തിരഞ്ഞെടുക്കപ്പെടുന്നതുവരെ കർദിനാൾമാർ അതിനകത്തായിരിക്കും. അടുത്ത മാർപാപ്പയെ തിരഞ്ഞെടുക്കാൻ ചുമതലയുള്ള കർദിനാൾമാർ മധ്യകാലഘട്ടം മുതൽ നിലവിലുള്ള നിബന്ധനകളും രീതികളുമാണ് പിന്തുടരുന്നത്. എങ്കിലും ഈ പ്രക്രിയയിൽ കാലാനുസൃതമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലും ഉണ്ടായിട്ടുമുണ്ട്.

മാർപാപ്പയുടെ തിരഞ്ഞെടുപ്പിൽ ഇന്ന് കർദിനാൾസംഘം പിന്തുടരുന്ന ആധുനിക നിയമങ്ങളുടെ ഭൂരിഭാഗവും ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1996-ൽ പ്രസിദ്ധപ്പെടുത്തിയ 'യൂണിവേഴ്സി ഡൊമിനിചി ഗ്രെഗിസ്' എന്ന അപ്പസ്തോലിക ഭരണഘടനയിലാണുള്ളത്. പിന്നീട് ബനഡിക്ട് പതിനാറാമൻ മാർപാപ്പയും പുതിയ മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കോൺക്ലേവിന്റെ തീയതി നിശ്ചയിച്ചുകഴിഞ്ഞാൽ, കർദിനാൾ ഇലക്ടറുകൾ കോൺക്ലേവിന്റെ ആസ്ഥാനമായ വത്തിക്കാന്റെ സിസ്റ്റൈൻ ചാപ്പലിലേക്ക് എത്തിച്ചേരുന്നു. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നത് വരെ കർദിനാൾമാർ അവിടെ തുടരുന്നു. ഈ പ്രക്രിയ ഒന്ന് പരിശോധിക്കാം.

### 1. കർദിനാൾമാർ എത്തിച്ചേരുന്നു

സാങ്കേതികമായി, ഏതൊരു കത്തോലിക്കാ പുരുഷനും മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി വൈദികനോ മെത്രാനോ അല്ലെങ്കിൽ മാർപാപ്പയായി അയാളെ പ്രഖ്യാപിക്കുന്നതിന് മുമ്പ് തന്നെ മെത്രാനായി പട്ടം നല്കിയിരിക്കണം എന്നു മാത്രം. എന്നാൽ 1379 മുതൽ പുതിയ മാർപാപ്പ കർദിനാൾമാരുടെ ഇടയിൽ നിന്ന് മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. നിലവിൽ ലോകമെമ്പാടും 250ലധികം കർദിനാൾമാർ ഉണ്ടെങ്കിലും, 'അപ്പസ്തോലിക സിംഹാസനം ഒഴിഞ്ഞ ദിവസം' (on the day when the Apostolic See becomes vacant) 80 വയസ്സ് പൂർത്തിയാകാത്ത കർദിനാൾമാർക്ക് മാത്രമേ വോട്ടു ചെയ്യാൻ അനുവാദമുള്ളൂ. ഇത്തരുണത്തിൽ ഇപ്രാവശ്യം വോട്ട് ചെയ്യാൻ യോഗ്യരായ കർദിനാൾമാരുടെ എണ്ണം 135 ആണ്. ഇതിൽ 53 പേർ യൂറോപ്പിൽ നിന്നും 23 പേർ ഏഷ്യയിൽ നിന്നും 23 പേർ ലാറ്റിനമേരിക്കയിലും കരീബിയയിലും നിന്നും 18 പേർ ആഫ്രിക്കയിൽ നിന്നും 14 പേർ അമേരിക്ക, കാനഡ എന്നിവിടങ്ങളിൽ നിന്നും 4 പേർ ഓഷ്യാനിയയിൽ നിന്നുമാണ്. നിരവധി കർദിനാൾമാർ വത്തിക്കാനിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നുണ്ടെങ്കിലും, ബാക്കിയുള്ളവരെല്ലാം ലോകമെമ്പാടും വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. അസുഖമോ മറ്റ് ഗുരുതരമായ തടസങ്ങളോ ഇല്ലെങ്കിൽ വോട്ടെടുപ്പിൽ പങ്കെടുക്കാൻ യോഗ്യരായവരെല്ലാവരും റോമിലേക്ക് എത്തിച്ചേരേണ്ടതുണ്ട്.

### 2. സിസ്റ്റൈൻ ചാപ്പലിലേക്കുള്ള പ്രദക്ഷിണം

കോൺക്ലേവിന്റെ ആദ്യ ദിവസം രാവിലെ കർദിനാൾമാർ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പ്രത്യേക വിശുദ്ധബലി അർപ്പിക്കുകയും ഒത്തുകൂടുകയും ചെയ്യുന്നു. ഉച്ചകഴിഞ്ഞ് പൗളൈൻ ചാപ്പലിൽ ഒരുമിച്ചുകൂടി പരിശുദ്ധാത്മാവിനോടുള്ള ഗാനം (Veni Creator) ആലപിച്ചുകൊണ്ട് സിസ്റ്റൈൻ ചാപ്പലിലേക്ക് പോകുന്നു. പോപ്പിന്റെ മരണത്തെത്തുടർന്ന് വത്തിക്കാനിലെ ഏറ്റവും ശക്തനായ വ്യക്തിയാണ് കാമർലെംഗോ. കോൺക്ലേവിന് വേണ്ട എല്ലാക്കാര്യങ്ങളും കാമർലെംഗോയുടെ മേൽനോട്ടത്തിലാണ് ക്രമീകരിക്കുന്നതെങ്കിലും വോട്ടിംഗിന്റെ സമയത്ത് അദ്ദേഹം കോൺക്ലേവിനുള്ളിൽ പ്രവേശിക്കുന്നില്ല. കോൺക്ലേവിന് ചാപ്പലിനകത്ത് മേൽനോട്ടം വഹിക്കുന്നത് കർദിനാൾ സംഘത്തിന്റെ ഡീൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ കർദിനാൾമാരിൽ ഏറ്റവും മുതിർന്ന വ്യക്തി ആയിരിക്കും.

### 3. സത്യപ്രതിജ്ഞ

വോട്ടെടുപ്പിന് മുമ്പ് എല്ലാ കർദിനാൾമാരും തെരഞ്ഞെടുപ്പിന്റെ രഹസ്യസ്വഭാവത്തെ ഉറപ്പിക്കാനായി സത്യപ്രതിജ്ഞ ചെയ്യുന്നു. 'ഞാൻ (ആദ്യനാമം) കർദിനാൾ (അവസാന നാമം), വാഗ്ദാനം ചെയ്യുന്നു, പ്രതിജ്ഞ ചെയ്യുന്നു, സത്യം ചെയ്യുന്നു. അതിനാൽ ദൈവവും ഞാൻ മുറുകെപ്പിടിച്ചിരിക്കുന്ന ഈ വിശുദ്ധ സുവിശേഷങ്ങളും എന്നെ സഹായിക്കട്ടെ.' ('And I, (first name) Cardinal (last name), do promise, pledge and swear. So help me God and these Holy Gospels which I touch with my hand'). ഏറ്റവും മുതിർന്നവർ മുതൽ പ്രായക്രമത്തിലാണ് സത്യപ്രതിജ്ഞ നടത്തുന്നത്. സത്യപ്രതിജ്ഞക്ക് ശേഷം പേപ്പൽ ആരാധനാക്രമ ആഘോഷങ്ങളുടെ മാസ്റ്റർ 'അധികമായവർ പോകൂ' (Etxra omnes) എന്ന് പ്രഖ്യാപിക്കുന്നു. കർദിനാൾമാർ മാത്രം സിസ്റ്റൈൻ ചാപ്പലിൽ അവശേഷിക്കുന്നു. പുതിയ പോപ്പ് തിരഞ്ഞെടുക്കപ്പെടുന്നതുവരെ ഇനിയാരും കർദിനാൾമാരെ കാണുകയില്ല. തിരഞ്ഞെടുപ്പിന്റെ അതീവരഹസ്യസ്വഭാവം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ഫോണുകളോ ഈമെയിലുകളോ ഇന്റർനെറ്റ് കണക്ടിവിറ്റിയോ ഒന്നും സിസ്റ്റൈൻ ചാപ്പലിൽ ലഭ്യമല്ല. 2013 മുതൽ സിഗ്നൽ ബ്ലോക്കേഴ്സും ചാപ്പലിൽ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്.

### 4. വോട്ടെടുപ്പ്

രാവിലെയും ഉച്ചകഴിഞ്ഞുമുള്ള സെഷനുകളിലാണ് വോട്ടെടുപ്പ് പ്രക്രിയ നടക്കുന്നത്. ഓരോ സെഷനിലും നിർദ്ദിഷ്ട റോളുകൾ നിർവഹിക്കുന്നതിനായി ഒമ്പത് കർദിനാൾമാരെ തിരഞ്ഞെടുത്തിട്ടുണ്ടാകും. മൂന്ന് പേർ വോട്ടെടുപ്പിന് മേൽനോട്ടം വഹിക്കുന്നു, മൂന്ന് പേർ രോഗികളായ കർദിനാൾമാരിൽ നിന്ന് വോട്ടുകൾ ശേഖരിക്കുന്നു, മൂന്ന് പേർ ഫലങ്ങൾ പരിശോധിക്കുന്നു.

'ഞാൻ സുപ്രീം പൊന്തിഫിനെ തിരഞ്ഞെടുക്കുന്നു' (Eligio in Summum Pontificem) എന്നെഴുതിയ ബാലറ്റ് പേപ്പറുകൾ ഓരോ കർദിനാളിനും ലഭിക്കുന്നു. അതിൽ പേരെഴുതേണ്ട സ്ഥലത്ത് ആരെയാണോ അവർ മാർപാപ്പയായി തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് ആ പേര് രഹസ്യമായി എഴുതുന്നു. അൾത്താരയുടെ മുമ്പിൽ വോട്ടുകൾ ശേഖരിക്കാനായി മൂന്ന് കർദിനാൾമാർ ഇരിക്കുന്നുണ്ടാകും. വോട്ട് ശേഖരിക്കുന്ന പാത്രവും അതിനുമുകളിൽ ഒരു പ്ലേറ്റും അവരുടെ മുമ്പിൽ മേശമേൽ വച്ചിട്ടുണ്ടാകും. ഏറ്റവും മുതിർന്നവർ തുടങ്ങി ഓരോ കർദിനാളും തന്റെ ബാലറ്റ് മുന്നായി മടക്കി വായുവിലുയർത്തിപ്പിടിച്ച് അൾത്താരയുടെ മുന്നിലേക്ക് വന്ന് 'എന്റെ വിധിയാളനായ ക്രിസ്തുവിനെ സാക്ഷിയാക്കി ദൈവതിരുമുമ്പാകെ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്ന വ്യക്തിക്ക് എന്റെ വോട്ട് നല്കിയിരിക്കുന്നു' ('I call as my witness Christ the Lord who will be my judge, that my vote is given to the one who before God I think should be elected') എന്ന് പ്രഖ്യാപിക്കുകയും പ്ലേറ്റിൽ തന്റെ ബാലറ്റ് പേപ്പർ നിക്ഷേപിക്കുകയും ചെയ്യും. രോഗിയായ ഒരു കർദിനാളിന് തന്റെ മുറിയിൽ നിന്ന് ലോക്ക് ചെയ്ത ഒരു ബോക്സ് വഴിയായി ഈ വോട്ടെടുപ്പിൽ പങ്കെടുക്കാവുന്നതാണ്.

### 5. വോട്ടെണ്ണൽ

എല്ലാ കർദിനാൾമാരും വോട്ട് രേഖപ്പെടുത്തിയ ശേഷം ബാലറ്റുകൾ പരിശോധിച്ച് എണ്ണം രേഖപ്പെടുത്താൻ ആരംഭിക്കും. ഓരോ വ്യക്തിക്കും ലഭിക്കുന്ന വോട്ടുകൾ സൂക്ഷ്മപരിശോധനക്കാരായ (scrutineers) കർദിനാൾമാർ കൂട്ടിച്ചേർക്കുകയും ഫലങ്ങൾ പുനഃപരിശോധകരായ (Revisers) കർദിനാൾമാർ പരിശോധിക്കുകയും ചെയ്യുന്നു. ഒരു സ്ഥാനാർത്ഥിക്ക് ആകെ വോട്ടിന്റെ മൂന്നിൽ രണ്ട് ഭാഗം ലഭിക്കുകയാണെങ്കിൽ, അയാൾ അടുത്ത പോപ്പായി മാറും.

സൂക്ഷ്മപരിശോധകരിലെ ആദ്യ കർദിനാൾ പാത്രം നന്നായി കുലുക്കി ബാലറ്റുകൾ കൂട്ടിക്കലർത്തും. സൂക്ഷ്മപരിശോധകരിലെ മൂന്നാമത്തെ കർദിനാൾ ബാലറ്റുകളുടെ എണ്ണം തിട്ടപ്പെടുത്തും. തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന കർദിനാളന്മാരുടെ എണ്ണത്തിനനുസരിച്ച് ബാലറ്റുകൾ ഇല്ലായെങ്കിൽ പരിശോധിക്കാതെ തന്നെ അവ കത്തിച്ചുകളയുകയും വീണ്ടും വോട്ടെടുപ്പ് നടത്തുകയും ചെയ്യും. എണ്ണം കൃത്യമാണെങ്കിൽ ആദ്യത്തെ സൂക്ഷ്മപരിശോധകൻ ഓരോ ബാലറ്റും തുറന്ന് അതിലെ പേര് രേഖപ്പെടുത്തിയ ശേഷം രണ്ടാമത്തെ സൂക്ഷ്മപരിശോധകന് കൈമാറും. അദ്ദേഹവും പേര് രേഖപ്പെടു

ശേഷം പേജ് 11-ൽ

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam